# ബാലചികിത്സ

## (ഭാഷ)

പുനഃപ്രകാശനം

**വൈദ്യരത്നം ബുക്സ്**

ഡിജിറ്റൽ ലൈബ്രേറി

ഇന്റർനെറ്റ് പ്രസിദ്ധീകരണവിഭാഗം

തൈക്കാട്ടുശ്ശേരി, ഒല്ലൂർ

ബാലചികിത്സ (ഭാഷ) എന്ന ഇന്റർനെറ്റിലൂടെയുള്ള ഈ പ്രസിദ്ധീകരണത്തിന്റെ സമസ്ത അവകാശങ്ങളും വൈദ്യരത്നം ബുക്സിൽ നിക്ഷിപ്തമായിരിക്കുന്നു. ഇതിന്റെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും മാറ്റം വരുത്താത്തിടത്തോളം ഈ പ്രസിദ്ധീകരണം വ്യക്തികഗതമായ ആവശ്യങ്ങൾക്കായി  സ്വന്തം കംപ്യൂട്ടറിൽ സൂക്ഷിക്കുന്നതിനോ, സ്വന്തമായി പ്രിന്റെടുത്തു കൈവശം വയ്ക്കുന്നതിനോ വിരോധമുള്ളതല്ല.

പുനഃപ്രകാശനം
2014 മാർച്ച്
കൊല്ലവർഷം ൧൧൮൯ മീനം

ആമുഖം

ബാലചികിത്സ (ഭാഷ) എന്ന ഈ പുസ്തകം കൊല്ലവർഷം 1098 ൽ തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽ നിന്നും പ്രകാശനം ചെയ്ത പുസ്തകത്തിനെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഗ്രന്ഥകർത്താവിനെക്കുറിച്ച് ഇതിൽ സൂചനയൊന്നും തന്നെ ഇല്ല. പണ്ഡിത സി.കെ.വാസുദേവശർമ്മാവും ചേറാട്ടു തൃക്കോവിൽ ശൂലപാണിവാരിയരുമാണ് പരിശോധകരായി പറയപ്പെട്ടിട്ടുള്ളത്.

വൈദ്യരത്നം ബാലചികിത്സയിലെ പല ഭാഗങ്ങളും അങ്ങിനെത്തന്നെയും പാഠഭേദങ്ങളോടു കൂടിയും ഇതിൽ കാണാവുന്നതാണ്. അതുപോലെ തന്നെ സ്വതന്ത്രമായ ഭാഗങ്ങളും കാണാവുന്നതാണ്. നാലാമധ്യായത്തിലെ ഗ്രഹചികിത്സ പൂർണ്ണമായും സ്വതന്ത്രം തന്നെ. മന്ത്രതന്ത്രങ്ങളെ കൂടി യോജിപ്പിച്ച് ചികിത്സ ചെയ്യുന്നവർ ഒരുകാലത്ത് ധാരാളമുണ്ടായിരുന്നു. അത്തരത്തിൽപ്പെട്ട ഒരാളായിരിക്കണം ഇതിന്റെ രചിയിതാവ് എന്നു വേണം കരുതുവാൻ.

പരിശോധകർ
ഡോ.കെ.വി. രാമൻകുട്ടിവാര്യർ
ഡോ. കെ.ശബരീശൻ

# ബാലചികിത്സ.

(ഭാഷ.)

പണ്ഡിത സി. കെ. വാസുദേവശർമ്മാ

കോട്ട തൃക്കാവിൽ ശൂലപാണിവാരിയർ

എന്നിവരാൽ

പരിശോധിക്കപ്പെട്ടത്.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിപ്പിച്ചത്.

൧൦൮൭.

വില അണ മൂന്ന്.

അച്ചുകൂടത്തിലേക്കുള്ളതാകുന്നു.

# ബാലചികിത്സ (ഭാഷാ)

## ഒന്നാമദ്ധ്യായം

ഗണനാഥനിനിക്കേററം തുണയായ് വരികെപ്പൊഴും
കവിമാതുമിതൗവ്വണ്ണം കടൽവർണ്ണനുമാദരാൽ
ഗുരുപാദയുഗം ചിത്തേ മരുവീടുക സന്തതം
പിരിയാതെയിരിക്കേണം കൃപയും ഗുരുതന്നുടെ 1

ബാലന്മാർക്കു ചികിത്സക്കുള്ളായുശ്ശാസ്ത്രമിദം കൃതം
ബാലന്മാർക്കു പഠിപ്പാനായെളുപ്പം പാരമാമിത്
(....പഠിച്ചീടാനെളുപ്പം........) 2
പെററുവീണീടുമപ്പോഴെ തെറ്റെന്നുണ്ടാമൊരോ ഗദം
പറ്റിയാലതൊഴിച്ചീടാൻ ഭേഷജാദികൾ ചൊല്ലിടാം 3
കൺമിഴിച്ചു കരഞ്ഞീടാ മുലയുണ്ണായ്കയും സദാ
മലമൂത്രങ്ങൾപോയീടാ പുലയൊന്നായ് വരുന്നനാൾ 4
ഇവയോരോന്നു കണ്ടീടിൽ പലമന്ത്രൗഷധങ്ങളാൽ
ചില ഭേദങ്ങൾ വന്നീടും ഗുരുകാരുണ്യമേറുകിൽ 5

**രോഗങ്ങളുടെ സാമാന്യവിവരണം**

വീർപ്പില്ലാതെ കരഞ്ഞീടുമെച്ചിൽപ്പുണ്ണു പെരുക്കിലാം
ഒച്ചപാരമടച്ചീടും ദുശ്ശീലത്തിനുമാമിതു 6
തച്ചപോലെ കരഞ്ഞീടും ഞെട്ടീടും പനിപാരമാം
കൈകാലുള്ളു കറുത്തീടും ചുകപ്പും(ചോപ്പും) മേലുളാകിലാം 7
പുലപോകാതെ ചെയ്തീടിൽ(ടും) പലകർമ്മങ്ങളൊന്നിനും(ള്ളേതിനും)
ഫലമാശു കുറഞ്ഞീടും ബലവാനെങ്കിലും ദൃഢം 8
പിന്നെ മേൽപ്പോട്ടു കണ്ടീടാം ദിനന്തോറുമൊരോവിധം
കണ്ണും ചെവികളും പാരം പഴുക്കും പൊക്കിളും തഥാ(ളെന്നിവ) 9
വായ്പുണ്ണുണ്ടാം വമിച്ചീടും പോക്കുമേറ്റമുളാകിലാം
കർണ്ണമൂലത്തിലും കക്ഷം രണ്ടിലും കഴലയ്ക്കലും 10
മുഴച്ചുവീങ്ങിപ്പൊട്ടീടും രക്ഷചെയ്താൽ പൊറുത്തുപോം
പക്ഷിപീഡകൾ നാലുണ്ടാമയ്മ്പത്തൊന്നു കരപ്പനും 11
വാർപ്പുമുണ്ടൊരു നാലായി ചെമ്പരപ്പനുമുണ്ടതിൽ
ഇവയെല്ലാറ്റിലും നിന്നു പല ദണ്ഡങ്ങൾ കാൺകിലാം 12
വകഭേദമറിഞ്ഞീടാൻ പണിയുണ്ടേവനും ദൃഢം
ജനിച്ചന്നു തുടങ്ങീട്ടു പതിനാറു വയസ്സകം (സ്സൊളം) 13
ബാലപീഡകൾ ചൊല്ലുന്നു വിബുധാദികൾ മുന്നമേ
ബാലഗ്രഹണിയെന്നുണ്ട് പീഡിപ്പാനൊരു ദേവതാ 14
(ബാലഗ്രഹങ്ങളെന്നുണ്ടു.....)
ഓരോ തിങ്ങളിലതോരോരോ പേരു മാറിയതായ് വരും
ബലികർമ്മങ്ങൾ വെവ്വേറെ ചികിത്സയുമതങ്ങിനെ 15
വത്സരം തികയുന്നേരം ഒന്നാം തിങ്ങളിലുള്ളത്
ഓരാണ്ടിലുമുപദ്രിക്കും ക്രമമീവണ്ണമൊക്കവെ 16
ബലാൽ കണ്ടു വിരോധിപ്പാൻ പലജാതികളുണ്ടഹോ
ഭൂതപ്രേതപിശാചുക്കൾ കുക്ഷിഭൈരവകാദി(ളി)കൾ 17
ദണ്ഡപ്രകാരം കണ്ടിട്ടു തൽക്കാലൗചിത്യമായതു

ചെയ്തുകൊണ്ടാൽ ശമിച്ചീടും ഗുരുപാദപ്രസാദതഃ 18

ഇച്ചൊന്നതു മുതലായ്പലദണ്ഡമുണ്ടാ-
മെണ്ണീടുവാൻ പണി തിരിച്ചറിവാനുമേറ്റം
എല്ലാറ്റിനും ഗുരുപദം പ്രണമിച്ചുകൊണ്ടാൽ
നല്ലൊന്നു തോന്നുമതു നന്മവരും നരാണാം 19

**പറങ്കിപ്പുണ്ണ്**

ഇച്ചൊന്നവറ്റിൻ പുറമെ കനപ്പെ-
ട്ടൊന്നുണ്ടിരിക്കുന്നതിഘോരമായി
ചൊല്ലാമതിന്റെ ജനനാദിനാമം
പറങ്കിയെന്നുള്ളൊരു ദുഷ്ടരോഗം 20
ജനിക്കുമമ്മേടുദരത്തിൽ മുന്നം
ജനിച്ച പിള്ളക്കുമതീവകാണാം
പാദാദികേശം വ്രണമായ് ഭവിക്കും
ശമിച്ചുകൊൾവാൻ പണിപാരമുണ്ടാം 21
ദ്വാരങ്ങൾ തോറും വ്രണമേറ്റമുണ്ടാം
കേശം കൊഴിഞ്ഞീടുമതീവവേഗാൽ
കാലും കരം തോലടരും ക്രമത്താ-
ലാധാരമായുള്ള(ള്ളി)വ രോഗചിഹ്നം 22
പാവിട്ടു വെച്ചുള്ള കഷായവും ന-
ന്നാദൗ കൊടുക്കാമിഹ കേരതൈലം
പോയീടുമെന്നാലതുകൊണ്ടുമെല്ലെ
പോകായ്കിലമ്മയ്ക്കു ചികിത്സ വേണം 23
ഇച്ചൊല്ലിയതിനൊക്കെക്കും യഥാലു(വു)ണ്ടാമവറ്റിനും
വന്നു ചൊന്നാലവർക്കോരോരുപായാദികൾ ചൊല്ലണം 24

**വൈദ്യന്മാർക്കുള്ള ഉപദേശം**

പരോപകാരം ചെയ്യേണം വൃഥാതന്നെയുമെങ്കിലും(യുമാദരാൽ)
ഫലസിദ്ധിഭവിച്ചീടും മറ്റൊരേടത്തു സർവ്വദാ 25
സിദ്ധൗഷധങ്ങളോരോന്നേ സിദ്ധമായിട്ടിരിക്കണം
പാനലേപനമായിട്ടും ബലികർമ്മവിധത്തിലും 26
ഓരോന്നോരോന്നിനില്ലാഞ്ഞാൽപ്പോരയെന്നു പ്രസിദ്ധമാം
തുടങ്ങുന്നതിനൊക്കെക്കും കനം വേണമതേവനും 27

ബാലന്മാർക്കു തുടങ്ങീടും രോഗത്തിന്റെ വിശേഷണം
ചുരുക്കീട്ടിഹ ചൊല്ലീടാം പെരുപ്പം പാരമെത്രയും 28
(....................ചൊല്ലീടാമതിനുള്ള ചികിത്സയും)

**കുരുക്കളും ലക്ഷണങ്ങളും**

തലയിൽക്കുരുവുണ്ടാകും കണ്ണില്ലാതെ ചുവന്നുടൻ
പഴുത്തു പൊട്ടുകെന്നുള്ളതില്ല വല്ലതു ചെയ്കിലും 29
തല ചുട്ടീടുമെപ്പോഴും ചിരങ്ങും പാരമായ് വരും
തലരോമം കൊഴിഞ്ഞീടും പഴുക്കും ചെവിയേറ്റവും 30
കണ്ണു രണ്ടും പഴുത്തീടും ചുവക്കും പൂ പുറപ്പെടും
ദശവന്നു നിറഞ്ഞീടും ഉന്തിപ്പോം മിഴിയേറ്റവും 31
മൂക്കിൽ ചലമൊലിച്ചീടും അടയ്ക്കും മൂക്കുമൊച്ചയും
വായിൽ പുണ്ണു വളർന്നീടും ഒഴുകും വെള്ളമെപ്പൊഴും 32
ചെവി രണ്ടിന്റെയും പിൻപിൽ വീങ്ങിക്കുരുവതായ് വരും
മരുന്നു തേച്ചാൽ പൊട്ടീടുമതുകൊണ്ടു മരിച്ചിടാ 33

**തന്റെകൂട്ട്**

കഴുത്തിന്നകമേ ചുറ്റും മുഴക്കും(ച്ചു) കുരുവായ് വരും

പഴുത്തു പൊട്ടിയാലേറ്റം പൊറുപ്പാൻ വേലയെത്രയും 34
വലുതായുള്ളവർക്കാകിൽ അപചിക്കുരുവെന്നു പേർ
(വലുതായുള്ളവർക്കെങ്കിൽ കണ്ഠമാലയതെന്നു പേർ)
ബാലന്മാർക്കുമതാകുമ്പോൾ തന്റെകൂട്ടെന്നു ചൊല്ലുവോർ 35
രണ്ടു കക്ഷത്തിലും വന്നു വീങ്ങിക്കുരുകണക്കിനെ
പൊട്ടിയാൽപ്പിന്നെയും മൂടും വിദ്രധിക്കു സമങ്ങളായ് 36
കൈമേലൊക്കെ മുഴച്ചീടും സന്ധുക്കളിലുമേറ്റവും
എലിതൻ ഗരളം പോലെ വാതശോണിതതുല്യമായ് 37
പുറത്തു കുരുവുണ്ടാകും കണ്ണില്ലാതരുണാഭയാ
ഷോഡശാബ്ദം കഴിഞ്ഞാകിൽ പ്രമേഹക്കുരുവെന്നു പേർ 38
മാറത്തെല്ലാടവും കാണാം മുഴച്ചും കുരുപോലെയും
വയസ്സുചെന്നവർക്കാകിൽ കണ്ഠമാലയതെന്നു പേർ 39
(വയസ്സുചെന്നവർക്കെങ്കിൽ  അപചിക്കുരുവെന്നു പേർ)
മുഴച്ചു വട്ടമായ് വീങ്ങി വയറ്റത്തു കുരുക്കളായ്
വളരും പനിവന്നീടും മെലിയും ദേഹമേറ്റവും 40
പൊട്ടിച്ചലമൊലിച്ചീടും മൂടും പിന്നെയുമപ്പൊഴേ
ദീപനം കുറയും പിന്നെ ചികിത്സിച്ചാൽ ശമിച്ചു പോം 41
പൊക്കിളേറ്റം പഴുത്തീടും വയറ്റിൽ കൃമി പാരമാം
കൊലപ്പാമ്പു പെരുത്തീടും വിരേചനമതി(വുമി)ല്ലയാം 42
നാഭിയിങ്കെന്നു കീഴ്പ്പോട്ടു വീങ്ങീടും വൃഷണത്തൊളം
കൊടിയും പാരമായ് വീങ്ങും മൂത്രം വീഴാതെ പോകിലാം 43
നീരു വന്നു ചമഞ്ഞീടും ഊരുമൂലദ്വയത്തിലും
ചോരപോലെ നിറം കാണാം പാരമായിട്ടുമെത്രയും 44
ആസനം രണ്ടുതൃന്തം(മാവോളം) വീങ്ങിപ്പാരം വലച്ചിടും
ഒടുക്കം കുരുവായിട്ടു പൊട്ടി മെല്ലെ ശമിച്ചിടും 45
പനിച്ചു തുടവീങ്ങീടുമൂരുസ്തംഭം കണക്കിനെ
മന്ത്രൗഷധേന പൊട്ടായ്കിൽ ഗുണമേറ്റവുമായ് വരാ 46
മുട്ടുരണ്ടും കുടംകെട്ടും പനിയും പാരമായ്വരും
(..........................................ചുട്ടുചുട്ടു  പനിച്ചിടും)
പൊട്ടിയാലതു നേരല്ല കുട്ടികൾക്കു വിശേഷതഃ 47

**ചിലന്നി**

മുട്ടു രണ്ടിന്നു കീഴ്പോട്ടു ഞെരിയാണിവിരൽക്കൊളം
കെച്ചച്ചിലന്നി എന്നുണ്ട് കഷ്ടമായൊന്നതേറ്റവും 48
(കെച്ചച്ചിലന്നിയെന്നുണ്ടു കഷ്ടമായതതെത്രയും)
ആണിയോടടി വീങ്ങീടും നഖവും വിരൽതന്നിട
പഴുത്തു നീരൊലിച്ചീടും ചേറ്റിൽപ്പുണ്ണെന്നപോലെയാം 49
മൂർദ്ധാവിന്നു തുടങ്ങിയുണ്ടൊരു തരം പാദാന്തികത്തോളവും
കാണാറായ് വരുമാശു ദുഷ്ടവ്രണമായ്വീങ്ങിച്ചൊറിഞ്ഞങ്ങിനെ
വെള്ളം ചോര ചലങ്ങളേറ്റമൊഴുകും സന്ധുക്കളീന്നു തഥാ
(വെള്ളം ചോര ചലം മലങ്ങളൊഴുകും സന്ധുക്കളൊട്ടേറ്റവും)
ചൊല്ലാം പേരു ചിലന്നിയെന്നറിവതും ചേരും (തീരും) വസുദ്വത്സരെ 50

ബാലൻമാർക്കു ചികിത്സിച്ചേനിത്രനാളും ഗുരൂക്തമായ്
ഇനിവേണ്ടുന്നവർക്കെല്ലാമിതുകൊണ്ടറിയായ് വരും 51
അദ്ധ്യായമൊന്നു നിർമിച്ചേനത്യാശപെരുകീടുകിൽ
ചൊല്ലീടാമിനിയും ബാലന്മാർക്കോരോ ഭേഷജാദികൾ 52

*ഇതി പ്രഥമോദ്ധ്യായഃ*

# രണ്ടാമദ്ധ്യായം

**തലച്ചൂട്, തലയിൽക്കുരു**

തലച്ചൂടൊഴിവാനായി കുഴമ്പിടുക മൂർദ്ധനി
നെല്ലിക്ക(ക്കാ) ചന്ദനം നീരിൽ വേവിച്ചിട്ടാലൊഴിഞ്ഞു പോം 1
(........പാലിലരച്ചിട്ടാലൊഴിഞ്ഞു പോം)
തലയിൽക്കുരുവുണ്ടായാൽ തേപ്പാനുള്ളമരുന്നുകൾ
അത്തിക്കായെള്ളുതുമ്പപ്പൂ പാലുതന്നിൽ പചിച്ചത് 2
നീരറ്റവെണ്ണയും കൂട്ടി തേച്ചാലതു ശമിച്ചു പോം
രക്തചന്ദനവും നല്ല കടുക്ക മധുയഷ്ടിയും 3
തോയേ പേഷിച്ചു നെയ്തന്നിൽ തേച്ചീടിലുമൊഴിഞ്ഞു പോം

**തലയിൽ ചിരങ്ങിന്**

ചിരങ്ങു തലയിൽ കണ്ടാൽ തേപ്പാനുള്ള കുഴമ്പിന് 4
ഉമ്മത്തിന്നിലയും നല്ല കണ്ണിവെറ്റിലയും തഥാ
പരണ്ട തുളസീപത്രം ഉള്ളലക്കരിയെന്നിവ 5
കേരാജ്യത്തിൽ വറുത്തിട്ടു തേച്ചാലതു ശമിച്ചു പോം 6

**ഗുളൂചിദൂർവാദിതൈലം**

ഗുളൂചിദൂർവാരസയുക്തതൈലം
കൽക്കഞ്ച സേവ്യം മധുയഷ്ടിതോയം
മാലേയയുക്തം വിപചേൽ സുതൈലം
ലേപഞ്ച ബാലം ശമയന്തി രോഗം 7

**ചെവിക്കൽ കുരു**

കർണ്ണത്തിലുണ്ടാം കുരുവിന്നുതേപ്പാൻ
മരുന്നു ചൊല്ലാമതിഗൂഢമായി
വേട്ടാളിയൻകൂടുമരത്തചുക്കും
മോരാലരച്ചിട്ടഥ തേക്ക നന്നു 8
നാല്പാമരത്തിൻ തളിരെള്ളു ദൂർവാ
മുക്കാ നിശാ നിംബദളഞ്ച തക്രേ
വേവിച്ചരച്ചിട്ടഥ തേനുവീഴ്ത്തി
ചാലിച്ചു തേച്ചാലുമിളച്ചു പോകും 9

**ചെവിപഴുപ്പ്**

പഴമുതിരവറത്തൂ ചൂടൊടെ തേനിലിട്ടമ്മധു
ചെവികളിൽ നിർത്തിട്ടൊട്ടുനേരം കഴിഞ്ഞാൽ
തിരി ചെവിയിനകത്തിട്ടൊട്ടു തോർത്തിക്കളഞ്ഞാൽ
ചെലമൊലിയലുമാറും കുത്തുമന്നേ ശമിക്കും 10
തുളസീപത്രതോയത്തിൽ വെളിച്ചെണ്ണ പകർന്നതിൽ
വയമ്പും കാഞ്ഞിരക്കൂമ്പും കുന്തിരിക്കേന്ദുചൂടനും 11
പൊടിച്ചിട്ടു പചിച്ചെണ്ണ തുളിച്ചീടിൽ പഴുപ്പു പോം

**കണ്ണിലെ ചികിത്സ**

കണ്ണു ചോന്നു പഴുത്തീടിൽ തേനിൽ പൂവാംകുറുന്തല 12
പിഴിഞ്ഞാലുടനേ തീരും ചോപ്പും വീക്കവുമദ്ദിനെ
മുരിങ്ങത്തളിർ തേൻ വീഴ്ത്തി തിരുമ്പിക്കണ്ണിൽ വീഴ്ത്തുകിൽ 13
പഴുപ്പും ചൊറിയും മാറും ചോപ്പും പോമെട്ടുനാളകം
തെച്ചിപ്പൂ കാഞ്ഞിരപ്പൂവും(ക്കൂമ്പും) കറുകത്തലയെന്നിവ 14
ചതച്ചു പശുവിൻപാലിലൊഴുക്കിലരുണാഭ പോം (..ണാപഹം)
വട്ടക്കുരുവൊടച്ചിട്ടു തേൻ വീഴ്ത്തിക്കിഴികെട്ടിയാൽ 15
(വട്ടക്കുരു പൊടിച്ചിട്ടു)
കണ്ണിൽ ഞെക്കിപ്പിഴിഞ്ഞീടിൽ ചീച്ചിൽ പോമതിബാലന്

പുളി തന്റെ ഞരമ്പൊട്ടു പാലിൽ പുഴുകി നേരവെ 16
അരച്ചു ശീലയിൽ തേച്ചശ്ശീലയിട്ടാൽ പഴുപ്പു പോം

**കൺമഷിക്കുള്ള യോഗം**

മഷികൊണ്ടെഴുതിക്കേണം കണ്ണു നിത്യവുമാദരാൽ 17
അതിനുള്ളോരു യോഗത്തെ പറയുന്നതിഗുഹ്യമായ് 18
പൂവാംകുറുന്തല പിഴിഞ്ഞ രസത്തിൽ(ജലത്തിൽ)മുക്കി-
ശ്ശോഷിക്ക നല്ല നിഴലിൽ തുണി മൂന്നുനാളിൽ
തെച്ചീടെപൂ പുളിഞരമ്പു വരാ സുചൂർണ്ണം
കൂട്ടിത്തിരിച്ച തിരി കണ്ണിൽ മഷിക്കു കൊള്ളാം 19
(കണ്ണിൽ ചൂടു തുടർന്നുള്ള ദണ്ഡങ്ങൾക്കിവ ചെയ്യണം)
നന്ത്യാർവട്ടമതിൻ മൊട്ടും ജാതീമുകുളവും തഥാ
മുലപ്പാലിൽ പിഴിഞ്ഞീടിൽ കണ്ണുചൂടുമൊഴിഞ്ഞുപോം 20
ഓരിലത്താമരപ്പത്രം സമൂലേന ചതച്ചത്
മുലപ്പാലിൽ പിഴിഞ്ഞീടിൽ കണ്ണിൽ ശുക്ളമൊഴിഞ്ഞു പോം 21
തുമ്പപ്പൂ മുത്തിളിൻപത്രം തേനിൽ കുത്തിപ്പിഴിഞ്ഞത്
ദിനം മൂന്നു പകർന്നീടിൽ കണ്ണിലിത്തിളൊഴിഞ്ഞുപോം 22
കാഞ്ഞിരത്തിന്നുടെ കൂമ്പും തെച്ചിപ്പൂവുഞ്ച ദൂർവ്വയും
വെള്ളിലാതന്നുടെ പൂവും ദേവീപത്രവുമൊപ്പമായ് 23
തേനിൽ കുത്തിപ്പിഴിഞ്ഞീടിൽ കണ്ണിൽ ചോപ്പു ശമിച്ചിടും
ഇവകൊണ്ടിളയാതാകിൽ ചന്ദനാദികളെന്നിവ 24
ഒഴുക്കീടുക കണ്ണിന്നുള്ളവയൊക്കെ തുടങ്ങുക
(ഒഴുക്കീടുക കണ്ണിന്നുള്ളവയൊക്കെശ്ശമിച്ചിടും)

**മൂക്കുപഴുപ്പ്**

മൂക്കു പാരം പഴുത്തീടിൽ മുരിക്കില പിഴിഞ്ഞതിൽ 25
എണ്ണ കൂട്ടി നിശാ കൽക്കമിട്ടുകൊണ്ടു പചിച്ചത്
തേപ്പിപ്പൂ ത്രിഫലാ തേനിൽ സേവിപ്പിപ്പൂ യഥാക്രമം 26
ബാലൻമാർക്കു ശമിച്ചീടും മൂക്കിൽ ദ്രോഹമശേഷതഃ

**വായിൽപ്പുണ്ണ്**

വായിൽപ്പുണ്ണു പെരുത്തീടിൽ മാശിക്കാ കരിജീരകം 27
മച്ചിങ്ങാമുഖവും കൂട്ടി തൈരു തന്നിലരച്ചത്
സേവിപ്പൂ മൂന്നുനാളെന്നാൽ വായിൽ പുണ്ണു ശമിച്ചുപോം 28
(കൃഷ്ണത്തുളസിവെള്ളത്തിൽ കൊടുത്താൽ ശമനം വരും)
പച്ചനെല്ലിക്കനീർ തന്നിൽജീരകദ്വയമിട്ടതും
തൈരു കൂട്ടി വെതുമ്പീട്ടു കൊടുത്താലുമൊഴിഞ്ഞു പോം 29
പിച്ചകത്തിലവെള്ളത്തിൽ മധുകം കൽക്കമിട്ടുടൻ
നൈ വെന്തു വായിൽ തേച്ചാലും പൊറുക്കും പത്തുനാളകം 30
നായ്ക്കഞ്ഞത്തിലനുള്ളീട്ടു തിരുമ്മീട്ടു പിഴിഞ്ഞനീർ
വായിൽ തൊട്ടുപുരട്ടീടിൽ അപ്പോഴേ പുണ്ണു പോയിടും 31
വട്ടക്കിലുകിലുപ്പാ തൻ പിഴിഞ്ഞുണ്ടായ നീരതിൽ
വെളിച്ചെണ്ണ പകർന്നിട്ടു മധുകം കൽക്കമിട്ടുടൻ 32
കാച്ചി വായിൽ പുരട്ടീടിൽ പുണ്ണുപോം മൂന്നു നാളകം
കഴുത്തിന്നിഹ മേൽപോട്ടേക്കുണ്ടാകുന്നിതിനൊട്ടു ഞാൻ 33
(.....................മേൽപ്പോട്ടങ്ങുണ്ടാകുന്നതിനത്ര ഞാൻ )
ചികിത്സക്കുള്ളുപായങ്ങൾ പറഞ്ഞേൻ ഭാഷയായ് തുലോം

**കുരുക്കൾക്ക് ലേപങ്ങൾ**

മോരുവീഴ്ത്തി സമുദ്രക്കാ ചാണതൻമേലരച്ചതു 34
തേച്ചീടിലുടനേ പോകും കഴുത്തിൽ കുരുവുള്ളത്
നീരട്ടിത്തൊലിയത്തിത്തോലുങ്ങിൻതോൽ ചന്ദനദ്വയം 35
അരച്ചുരുട്ടി(അരച്ചുചുട്ടു) നൈതന്നിൽ തേക്കിലെല്ലാ കുരുക്കൾ പോം
കാഞ്ഞിരക്കൂമ്പുകൊണ്ടന്നു പിലാവില പഴുത്തതിൽ 36

പൊതിഞ്ഞു ചുട്ടരച്ചിട്ടു നൈ കൂട്ടീട്ടതു തേക്കിലോ
കഴുത്തിൽ കുരു പോയീടും മൂന്നു നാളകമേ ദൃഢം 37
പാട(ർ)വള്ളിതൻ ദളം നന്നായരച്ചിട്ടതു വെണ്ണയിൽ
തേച്ചീടിലുടനെ പോകും കുരു വല്ലേടമുള്ളതും 38
ചെറുതാം തുരടിവേരുമ്മൽ തൊലി നന്നാറിമൂലവും
നന്ത്യാർവട്ടം കൊടിപ്പാല ഇവവേരുമ്മലുള്ളതും 39
(.......പ്പാല വേരും തൻ തൊലിയും സമം)
നാൽപാമരമതിൻ തോലുമൊപ്പം നെയ്യിൽ വറുത്തതു
പിന്നെ പാലിൽ പുഴുങ്ങീട്ടമ്മിതൻമേലരച്ചത് 40
നീരറ്റ വെണ്ണയിൽ തേച്ചാൽ മാറത്തുണ്ടാം(ള്ള) കുരുക്കൾ പോം
ആമയോടു കലംകൊമ്പ് ആനക്കൊമ്പിവയൊപ്പമായ് 41
മോരുതന്നിലരച്ചിട്ടു തേച്ചാൽ കക്ഷേ കുരുക്കൾ പോം 42
നാല്പാമരത്തളിര് പുക്കുല എള്ള് ദൂർവാ
(നാല്പാമരം പൂക്കുലയെള്ള് ദൂർവാ)
വാശാഗുളൂചിമധുകഞ്ച തുല്യം
പാലിൽ പചിച്ചിട്ടരച്ചു നെയ്യിൽ
തേച്ചാലിളക്കും കുരുവേതു ചെയ്തും 43
ഏരണ്ഡബീജം കറുകേടെ നാക്കും
കാരെള്ളുമൊപ്പം പയസാ പുഴുങ്ങി
പേഷിച്ചു നീരറ്റൊരു വെണ്ണ തന്നിൽ
ചാലിച്ചു തേച്ചാലൊഴിയുന്നു വീക്കം 44
വയറ്റിലുണ്ടാം കുരുവിന്നു തേപ്പാൻ
മരുന്നുചൊല്ലാമതിസാരമായി
നീണ്ടിക്കിഴങ്ങേറ്റമരച്ചു പാലിൽ
തേക്കാം കുടിക്കാമതുകൊണ്ടു തീരും 45
തിനതന്നരി പാൽ വീഴ്ത്തിവെച്ചു നൈകൂട്ടിയുൺകിലോ
മൂന്നുനാളകമെ പോകും വയറ്റിൽ കുരുവേവനും 46
പരുക്കു(പെരുവ)വേരിട്ടു ചമച്ച കഞ്ഞീ
കുടിക്കു നന്നക്കുരുവിന്നു നിത്യം
അകത്തു വീങ്ങിദ്ദഹനം കുറഞ്ഞാൽ
പൊറുത്തു പോകും വലുതായവർക്കും 47
കുരുക്കൾ പൊട്ടീട്ടു പൊറാതെ പോകിൽ
കുഴമ്പുകാച്ചീട്ടു പുരട്ടവേണം
ഞെരിഞ്ഞമാകും പുളിതൻ കിഴങ്ങും
വറുത്തു തേക്കാം പഴതായ നെയ്യിൽ 48
അരക്കു മേൽപോട്ടുളവാം കുരുക്കൾ-
ക്കീവണ്ണമോരോന്നഥ തേച്ചുകൊണ്ടാൽ
പൊറുത്തുകൊള്ളും ദിനമൊട്ടുനാളെ
മുടങ്ങുമാറില്ലതുകൊണ്ടു ബാലൻ 49
തെച്ചിപ്പൂവമരീദളഞ്ച സുഷവീ കാരസ്കരത്തിൻ തളിർ
പാവിട്ടത്തളിർ പച്ചയായമുളതൻ തോലും കറുത്തെള്ളുമായ്
മോരും വീഴ്ത്തിയ(ട)രച്ചു വെന്തു സുഖമെ പേഷിച്ചു തേനിൽ പുനഃ
ചാലിച്ചിട്ടതു തേക്ക നന്നു കുരുവും വീക്കങ്ങളും തീർന്നു പോം 50
ബലാഞ്ചാതിബലാഞ്ചൈവ
ഏരണ്ഡം ചെറുചീരയും
നെയ്യിൽ തേക്ക കുരുക്കൾക്കു
പാലിൽത്തന്നെയരച്ചിവ 51
അകോരി പാണൽ നന്നാറീ പുളിന്തോലേകനായകം
തെച്ചിവേരുമിതൊപ്പിച്ചു മോരുതന്നിലരച്ചത് 52
വെതുമ്പിത്തേക്ക നന്നേറ്റം വീക്കം പോം കുരുവും ക്ഷണാൽ

കഴഞ്ചിവേരരച്ചിട്ടു കാടിവീഴ്ത്തീട്ടു തോ(നേ)രവേ 53
തേക്ക മന്ദോഷ്ണമായിട്ടു വൃദ്ധിവീക്കം ശമിച്ചു പോം 54
നാല്പാമരത്തളിരുമെള്ളുമകോരിപത്രം
വേവിച്ചു കേരീപയസാ ച പിഷ്ട്വാ
നീരറ്റവെണ്ണാ പരിചോടുചേർത്ത-
ങ്ങൂരൂത്തടിച്ചിക്കഥ തേക്ക നന്ന് 55
(നാൽപാമരത്തളിരുമെള്ളുവരീസപത്രം
കേരീപയസ്സിലതു വെന്തരച്ചു തേക്ക
നീരറ്റവെണ്ണയുമതിൽ പരിചോടു ചേർത്ത-
തൂരൂതടിച്ചതൊഴിവാനിതു നന്നു പാരം)
ചെറുനാരങ്ങവെള്ളത്തിൽ തേങ്ങാപ്പാലു പകർന്നതിൽ
ചന്തമോടു(പന്തമിട്ടു)രസിത്തേച്ചാൽ മുട്ടുവീക്കം ശമിച്ചു പോം 56
ഞെരിഞ്ഞാംപുളികന്ദത്തോടൊപ്പം  കോൽപുളിവൽക്കവും
(ഞെരിങ്ങാംപുളി കൊന്നത്തോലൊപ്പം ..........)

**ചിലന്നിക്ക് വറകുഴമ്പിന്**

ഉങ്ങിൻകുനു(രു)ന്നും നീരട്ടിക്കുരുന്നെന്നിവയൊപ്പമായ് 57
കേരാജ്യത്തിൽ വറുത്തിട്ടു കരിഞ്ഞാലതു നേരവേ
പൊടിച്ചിട്ടതിൽ കലക്കീട്ടു തേച്ചാൽ കെച്ചച്ചിലന്നി പോം 58
മറ്റോരോരോ ചിരങ്ങിന്നും കുറ്റമില്ലിതു തേക്കിലോ
പറ്റുണ്ടതു പലറ്റിന്നുംകുറ്റമാരും പറഞ്ഞിടാ 59
(പറ്റുണ്ടിതു പലേതിന്നും)

**നൊങ്ങണാദിതൈലം**

നൊങ്ങണംപുല്ലിടിച്ചിട്ട് കഷായം വെച്ചരിച്ചതിൽ
എണ്ണ വെന്തതു തേച്ചീടാം പാഠാകർക്കടകല്കമായ് 60
(പാറക്കടകൽക്കമായ്)
തലയിൽ തേക്ക വേണ്ടീല കാൽമേലേറ്റവുമുത്തമം
(....കാൽമേൽ തേക്ക ദിനേ ദിനേ)
അടിവീക്കമൊഴിഞ്ഞീടും പെരിക്കാലാകിലും പരം 61
നിലംപരണ്ടനീർതന്നിൽ കറളേകത്തില കല്ക്കമായ്
വെളിച്ചെണ്ണ പചിച്ചിട്ടു തുളിച്ചാൽ പുണ്ണുപോയിടും 62
(...............വിരൽപുണ്ണു പോം)

രണ്ടാമദ്ധ്യായമിദം കൃത്വാ വിചാര്യാശു സുചേതസാം
നിർമ്മിതം ഭാഷയായിന്നും ചൊല്ലീടാമറിവാനഹം 63

*ഇതി ദ്വിതീയോദ്ധ്യായഃ*

## *മൂന്നാമദ്ധ്യായം*

**ചുവപ്പിന്**

പാദാദികേശം വീങ്ങീട്ടു ചുവപ്പും പാരമായ് വരും
പനിയും ദാഹമേറീടിലതു(തി)ബാലന്നസാദ്ധ്യമാം 1
ഒന്നുകണ്ടാൽ ശമിച്ചീടും മദ്ധ്യമം രണ്ടു കാൺകിലോ
മൂന്നുകണ്ടാൽ മരിപ്പാനായെളുപ്പം പാരമായത് 2
നാലുകണ്ടാൽ മരിക്കാതെ ജീവിക്കായെന്നു നിർണ്ണയം
പുളിതന്നിലയൂരീട്ടു ഗോമൂത്രത്തിൽ പിഴിഞ്ഞതിൽ 3
ഹരീതകി പൊടിച്ചിട്ടു കുറുക്കിത്തേക്ക നീരു പോം
ചെമ്പരത്തിയുടെ പുഷ്പം തക്രയുക്തം പിഴിഞ്ഞതിൽ 4
വരടീഭസ്മവും ചേർത്തു തേച്ചാൽ ബാലന്നു ചോപ്പുപോം

എരട്ടിമധുരം മേഘമേലപ്പൊട്ടിലുമെന്നിവ 5
ചതച്ചിട്ടു ജലം വെന്തു കൊടുക്കാം ദാഹനാശനം
ഒപ്പം വേണമിദം മൂന്നും വെള്ളം പാതി കുറുക്കണം 6
വാങ്ങിയേറ്റം തണുക്കേണം സേവിപ്പിച്ചാലെരിച്ചിൽ പോം

**പനിക്ക്**

വയമ്പരച്ചു തേക്കേണം കയ്പപത്രരസത്തിനാൽ 7
അല്പം മേൽപെരുമാറീടിൽ പനിപോം മൂന്നു നാളകം
വചാ പാടക്കിഴങ്ങൊപ്പം കരിക്കിൻ ജലസംയുതം 8
അരച്ചു ഗാത്രേ തേച്ചാലും(ച്ചീടിൽ) പനിപോയീടുമക്ഷണാൽ
മുളകും തുളസീപത്രം തുമ്പ പൂവാംകുറുന്തല 9
പാവിട്ടത്തളിരെന്നെല്ലാം ഗുളികാ പനിനാശനം
(ഈ മരുന്നിൽ വചാ ചുക്കും കൂട്ടി പാവട്ടനീരതിൽ
അരച്ചു കുന്നിപാകത്തിൽ ഗുളികാ ഗുണമെത്രയും)
ദേവിപത്രം പിഴിഞ്ഞുള്ള വെള്ളം തന്നിലുമാമിതു 10
കാഞ്ഞവെള്ളത്തിലും കൊള്ളാം പനിനാശനമാമിതു

**അതിസാരത്തിന്ന്**

ഉപ്പിലിട്ട പുരാണാമ്രമണ്ടിയുള്ളിലതുദ്ധരേൽ 11
അരച്ചു തൈരതിൽ പീത്വാ ബാലാനാം സരണാപഹം
പെരുകിൻകടവേർമേൽ തോൽ  ഉപ്പുവെള്ളത്തിൽ വെച്ചത് 12
നെയ്യിലാശു വറുത്തിട്ടു കൊടുക്കാം തൈയിർ തന്നില്
കോൽക്കൊട്ടത്തോലിടിച്ചിട്ടു മോരിൽ വെന്തു കുറുക്കിയാൽ 13
അതു ബാലന്നു സേവിച്ചാൽ ചോരയാം സരണം കെടും
പെരുകിൻവേരുമേൽത്തോലും തവിഴാമേടെ മൂലവും 14
ചതച്ചിട്ടു കുറുക്കീട്ടു കൊടുക്കാം പാലു നിത്യവും
ആട്ടിൻ പാൽ പശുവിൻപാലും സമം കൂട്ടിക്കുറുക്കണം 15
അതിസാരത്തിനും നന്നു മൂലരോഗത്തിനും തഥാ
പാടക്കിഴങ്ങു നന്നായി നെയ്യിലാശു വറുത്തുടൻ 16
പൊടിച്ചു തൈരതിൽത്തന്നെ കൊടുക്കാം സരണാപഹം
വട്ടഞാറയുടെ വേർമേൽ തൊലി തൈരിലരച്ചത് 17
എലവാട്ടിപ്പൊതിഞ്ഞിട്ടു ചുട്ടുവെന്തുപിഴിഞ്ഞനീർ
കൊടുത്താലാശു തീർന്നീടും ബാലന്മാർക്കതിസാരവും 18
അമ്പഴത്തോലുമീവണ്ണം ചെയ്തുണ്ടായരസത്തിനെ
കൊടുത്താലൊഴിയും ബാലർക്കതിസാരമതേറ്റവും 19
തൈരിൽ ജാതിക്ക പേഷിച്ചു ചാലിച്ചു തയിർ തന്നില്
ബാലന്മാർക്കു കൊടുത്തീടിലതിസാരമൊഴിഞ്ഞുപോം 20
അരച്ചുരുട്ടി മാലേയം തൈരുതന്നിൽ കൊടുക്കിലോ
അതിസാരമൊഴിഞ്ഞീടുമതിബാലന്നസംശയം 21
പാടതന്നില നന്നായി തിരുമ്മീട്ടു പിഴിഞ്ഞതിൽ
തൈരുകൂട്ടിക്കൊടുത്തീടിൽ അതിസാരമൊഴിഞ്ഞുപോം 22
ജാതിക്കാ കരയാമ്പൂവ് ജാതിപത്രിക ചാലിയം
അതിവിടയവും നല്ലോരേലത്തരിയുമെന്നിവ 23
ഒപ്പം കൂടിയതിൽപ്പിന്നെ ഷോഡശാംശം ച കൃഷ്ണയും
കൂട്ടിയച്ചിങ്ങതന്നുള്ളിൽ ഇട്ടടച്ചിട്ടുമണ്ണിനാൽ 24
പൊതിഞ്ഞു ചുട്ടതിൻ നീരിൽ കുന്നിക്കൊപ്പിച്ചരച്ചുടൻ
ഗുളികാക്കീച്ചമച്ചിട്ടു തൈരുതന്നിൽ കൊടുക്കിലോ 25
അതിസാരമൊഴിഞ്ഞീടും അരിശസ്സും തഥൈവ ച
കാവിമണ്ണഥ തെച്ചിപ്പൂ ജാതിക്കാ പുഷ്പപത്രവും 26
(കാവിമണ്ണുംജാതിക്കയും ജാതിപത്രിയും)
അതിവിടയവും നല്ലോരേലം ചന്ദനമെന്നിവ
ചാർങ്ങേരിനീറ്റിൽ പേഷിച്ച ഗുളികാ സരണാപഹാ 27

**അരിശസ്സിന്ന്**

ഉള്ളിജീരകവും നല്ല ചെറുതാം കടലാടിയും
നെയ്യിലാശു വറുത്തിട്ടു പൊടിച്ചു തൈരുതന്നില് 28
കുടിപ്പൂ ശേഷമുള്ളാ നൈ കൂട്ടീട്ടുണ്ണുകിലദ്ദിനെ
അരിശസ്സു ശമിച്ചീടുമതിനില്ലൊരു സംശയം 29
ഉപ്പരച്ചു പൊതിഞ്ഞിട്ടു ലശുനം ചുട്ടരച്ചത്
ഉപ്പുകൂടാതെ നല്ലോരു തൈരിൽ പീതവുമുത്തമം 30
അരിശസ്സു പുറപ്പെട്ടാൽ പഴുത്തോരു പുലാവില
എണ്ണതേച്ചതു വാട്ടീട്ടങ്ങമർത്തീടിലകത്തുപോം 31
പുളിതന്നില കാട്ടപ്പയില തുമ്പയുമെന്നിവ
പുളിയാരലുമൊപ്പിച്ചു ജലം വെന്തതിനാൽ പുനഃ 32
ശൗചധാരാദി ചെയ്തീടിൽ മൂലരോഗം ശമിച്ചിടും
ഉള്ളികൂട്ടിയിതെല്ലാമെ കാടിതന്നിലരച്ചുടൻ 33
വെതുമ്പീട്ടു പുരട്ടീടിൽ മൂലം പിന്നെ പുറപ്പെടാ

**കൃമിക്ക്**

പച്ചമഞ്ഞളുമാണ്ടാനാം മുളകുത്തിപ്പിഴിഞ്ഞതിൽ 34
ചൂടൻകർപ്പൂരമിട്ടിട്ടു സേവിച്ചാൽ കൃമി ചത്തുപോം

**മൂത്രരോഗത്തിന്ന്**

പരുത്തിവേരരച്ചിട്ടു പച്ചപ്പാലിൽ കുടിക്കിലോ 35
മൂത്രം തടവു തീർന്നീടും വലുതായോർക്കുമാമിത്
അരികഴുകിയുള്ളോരു നീരിൽ മേഘമരച്ചുടൻ 36
നാഭിയിങ്കലതിട്ടീടിൽ മൂത്രം വീഴുമസംശയം
ചെമ്പകത്തിനുടെ വേരും ചെറുതാം പയറും സമം 37
(ചെമ്പരത്തിയുടെ വേരും .....)
കഷായം വെച്ചു സേവിച്ചാൽ മൂത്രസ്രാവമൊഴിഞ്ഞുപോം

**രക്തസ്രാവത്തിന്ന്**

നിലപ്പന ശതാവരീകന്ദവും നാകപുഷ്പവും 38
പുരാണാമലകം നല്ല കരിങ്ങാലീടെ കാതലും
ഞെരിഞ്ഞലുമിതെല്ലാമെ കഷായം മധുസംയുതം 39
സേവിച്ചാലാശു നിന്നീടും രക്തസ്രാവമസംശയം

**കൃമിക്ക്**

പ്ളാശിൻതൊലികഷായത്തെ ഉഴക്കിൽ പാതിയാക്കുക 40
അഷ്ടചൂർണമതിട്ടിട്ടു കാച്ചിയുള്ളൊരു മോരതിൽ
കുടിക്കലന്നെ ചത്തീടും കുലപ്പാമ്പുകൾ നിശ്ചയം 41
കള്ളിത്തല തുരന്നിട്ട് ഇന്തുപ്പങ്ങു നിറച്ചുടൻ
മണ്ണുകൊണ്ടു പൊതിഞ്ഞിട്ടു ചുട്ടുവാങ്ങീട്ടു സൈന്ധവം 42
മന്ദോഷ്ണതോയേ സേവിച്ചാൽ ശൂലമങ്ങുശമിച്ചുപോം
ഉണങ്ങീട്ടു പുളിന്തോല് ചുട്ടുവെണ്ണീറതായത് 43
സേവിപ്പൂ കാഞ്ഞ വെള്ളത്തിൽ വെറുങ്കടി ശമിച്ചുപോം
പുളികൂട്ടിയരച്ചിട്ടു മേത്തട്ടീടാതെ ചേർക്കുരു 44
കുറഞ്ഞൊന്നതു നിന്നീടിൽ കുലപ്പാമ്പുകൾ ചത്തുപോം
എരുമച്ചാണകം തന്നിൽ പ്ളാശിൻകുരു പൊതിഞ്ഞതിൽ 45
മൂന്നുനാൾ കഴിയുന്നേരം എടുത്തു കഴുകിത്തദാ
ഉള്ളിലുള്ളങ്കുരം പോക്കി പേഷിച്ചിട്ടങ്ങുരുട്ടുക 46
മുമ്പിൽ ശർക്കര തിന്നിട്ടു പിമ്പെ ഇതു വിഴുങ്ങുകിൽ
കുലപ്പാമ്പുകൾ ചത്തീടും കൂട്ടത്തോടെട്ടുനാളകം 47

**വയറെരിച്ചിലിന്ന്**

വിഷ്ണുക്രാന്തിസമൂലത്തെ ഇടിച്ചു കിഴികെട്ടിയാൽ
പാലിലിട്ടു കുറുക്കീട്ടു സേവിപ്പിച്ചാലെരിച്ചിൽ പോം 48

**രുചിക്ക്**

തുമ്പപ്പൂ മലർ കൊട്ടോത്തിൻ തൊലിയും തേവതാരവും
വിലമൂവുമായ് ക്വാഥം നന്നേറ്റം രുചിവർദ്ധനം 49

## തൈലയോഗങ്ങൾ

**കരപ്പന്ന്**

**പന്തതൈലം**

തൃത്താവും കാട്ടുതൃത്താവും പിച്ചകത്തില മുരുക്കില
(.......(ജാതിപത്രം മുരുക്കില)
കണ്ണിവെറ്റിലയെന്നെല്ലാമൊപ്പം കൂട്ടിയിടിച്ചത് 50
പിഴിഞ്ഞ സലിലത്തിന്നു നാന്മടങ്ങെണ്ണ നെയ്യുമാം
വെളിച്ചെണ്ണയുമവ്വണ്ണം കൂട്ടിപ്പാത്രത്തിലാക്കിയാൽ 51
ഉരസീട്ടതു നീരറ്റാൽ പിന്നെയുണ്ടൊന്നു വേണ്ടതു
ദേവദാരു നുറുക്കീട്ടു വീരാളിപ്പട്ടു ചുറ്റിയാൽ 52
കൂടിലിട്ടു പിടിച്ചിട്ടു നനച്ചതു കുളത്തിയാൽ
അതിന്മേൽ കോരിവീഴ്ത്തേണമിത്തൈലം പുനരാവൊളം 53
പന്തം പൊലിഞ്ഞുപോകാതെ നീർവറ്റേണം പൊരിച്ചലും
മാറണം കരിയാകേണം മരുന്നും പട്ടുമൊക്കവെ 54
അത്തൈലം ശീലയിട്ടീടാം പുൺകരപ്പനിതൊക്കവെ

**ആരണ്യതുളസീപത്രാദിതൈലം**

നടുക്കുഴിഞ്ഞു വട്ടത്തിലുണ്ടാവുന്നതിനേറ്റവും 55
തേപ്പിപ്പാനും കുടിപ്പാനും കൂടിയുണ്ടൊന്നു കാച്ചുവാൻ
വെളിച്ചെണ്ണയതേ വേണ്ടു കല്ക്കം വേണം മരുന്നുകൾ 56
ഇടിച്ചുപിഴിവാനേറ്റം ഗുണമുള്ളതു ചൊല്ലിടാം
ആരണ്യതുളസീപത്രം പിച്ചകത്തില വെറ്റില 57
മുതക്കിൻ കടയും തൃത്താ ശിവനിർമ്മാല്യവുന്തഥാ
നല്ലുഴിഞ്ഞ ചുരത്തണ്ട് നായ്ക്കഞ്ഞത്തില പർപ്പടം 58
പൂവ്വരശ്ശിന്നുടെ തോലുമൊപ്പിച്ചിട്ടിവയൊക്കവെ
ഇടിച്ചാശു പിഴിഞ്ഞിട്ടു കല്ക്കം കൂട്ടുവതിന്നിഹ 59
എരട്ടിമധുരം കൊട്ടമരിയാറുമമുക്കുരം
വയമ്പും ജീരകം മൂന്നും ത്രിഫലാ ദേവദാരുവും 60
പാവും കടുത്രയം ദീപ്യം ജാതിക്കായ കറാമ്പുവും
ജാതിപത്രിക ചീനത്തെ മുളകെന്നിവയും സമം 61
കൂട്ടികാച്ചിയ കേരാജ്യം നന്നു പാരം കരപ്പന്
ശമിക്കും പാരമെന്നാലും മൽഗുരോക്തമിതായത് 62
എണ്ണകാച്ചുവതിന്നുള്ള യോഗമുണ്ടൊന്നിതിൽപരം

**നാല്പാമരം തൈലം**

നാല്പാമരകഷായത്തിൽ ദശപുഷ്പരസം സമം 63
തേങ്ങാപ്പാലും സമം കൂട്ടി നന്നാറീമൂലമെഷ്ടിയും
കല്ക്കമാക്കി പചിച്ചുള്ള തൈലം നന്നു പലറ്റിനും 64
മുത്തിളും തുളസീപത്രം എരുക്കില മുരുക്കില
പിച്ചകത്തില നിർഗുണ്ഡീകുനുന്നും കുന്നമുക്കിയും 65
ഞെട്ടാഞെടുങ്ങയും നല്ല പത്തുപുഷ്പവുമൊപ്പമായ്
ഇടിച്ചുപിഴിയും നീരുമെണ്ണയും സമമാക്കുക 66
കല്ക്കം കൂട്ടുവതിന്നേറ്റം ശില്പമായവ ചൊല്ലിടാം
എരട്ടിമധുരം കൊട്ടം ജീരകദ്വയചന്ദനം 67
വയമ്പും ദാരു മഞ്ചട്ടിപ്പൊടി മാഞ്ചി ഫലത്രയം
രക്തചന്ദനമിച്ചൊന്നതെല്ലാം കൂട്ടിപ്പചിച്ചത് 68
നല്ലപാകത്തിലായീടിൽ എല്ലാരോഗഹരം പരം

**കറുകതൈലം**

ചുരുക്കമായിട്ടൊന്നുണ്ട് തൈലം കാച്ചുവതിന്നിഹ 69
ഇടിച്ചുപിഴിവാൻ നല്ല കറുകാ കുന്നമുക്കിയും
കഞ്ഞിക്കൂർക്കില കൊട്ടത്തിൻ കുനുന്നും പിച്ചകത്തില 70
കരുക്കെന്നിവയൊപ്പിച്ചു പിഴിഞ്ഞോരു ജലേ യുതം
എരട്ടിമധുരം കൊട്ടം ചന്ദനം ജീരകദ്വയം 71
ദേവദാരുവുമെന്നെല്ലാം കൂട്ടിക്കാച്ചുക കല്ക്കമായ്
പാരന്തീകുസുമം തേങ്ങാപ്പാലും കൂട്ടീടിലുത്തമം 72
ഇത്തൈലം ബാലകന്മാർക്കു തേക്ക നന്നു പലറ്റിനും

**യഷ്ടിതൈലം**

എരട്ടിമധുരം തെച്ചിപ്പൂവും കൂട്ടിയരച്ചത് 73
എണ്ണതന്നിൽ കലക്കീട്ടു തേങ്ങാപ്പാലും പകർന്നത്
കാച്ചിത്തേച്ചാലിളച്ചീടും ചിരങ്ങും ചൊറിയും ദൃഢം 74

**നാൽപാമരതൈലം**

നാല്പാമരത്തിൻ തൊലി പത്തുപുഷ്പം
നൽതൃത്തുവാ വെറ്റില കുന്നമുക്കി
മുരുക്കിലാ കൂർക്കിലെരുക്കു നീലീ
പിഴിഞ്ഞുകൊണ്ടാരിതിൽ യഷ്ടികൊട്ടം 75
മുച്ചീരകം കല്ക്കമിതെണ്ണ തേപ്പൂ
പുൺകെട്ടു രക്തം തെളിയും ക്ഷണേന 76

**ചെമ്പരത്യാദിതൈലം**

ചെമ്പരത്തിയുടെ പുഷ്പം(പത്രം) പിഞ്ചു നൽക്കൂവളത്തില
തെച്ചിപ്പൂ കൊടിഞ്ഞാലീ ച മുക്കുറ്റീ കൃഷ്ണതൃത്തുവാ 77
കിഴാർന്നെല്ല്യമരീപത്രം ജീരകം രണ്ടു കല്ക്കമായ്
കാച്ചിത്തേപ്പിക്ക തിലജമാശ്ചര്യം ബാലകന്നുടൻ 78
ചൊറിയും കുരുവും വീക്കം ചിരങ്ങും നീരിറക്കവും
ചോപ്പും കരപ്പനും തീരും ചോര നന്നായ് തെളിഞ്ഞിടും 79

**നാല്പാമരം തൈലം**

നാല്പാമരത്തൊലി മുരിക്കില പത്തുപുഷ്പം
നൽ ചെമ്പരത്തി കൊടിഞ്ഞാല്യമരീദളഞ്ച
തെച്ചീടെ വേർ മുളകു താന്നിയകോരിവേരും
നൽതൃത്തുവാക്കരുമുരുക്കിനുടെ ശിഫാ ച 80
പൊന്നോടുകൂടിനൊരുകണ്ണിസമൂലമേതാൻ
ചൊന്നോരു പച്ചില നടേ പെരുമാളിതെല്ലാം
കുത്തിപ്പിഴിഞ്ഞു തിലജത്തൊടു ദീപതൈല-
മൊത്തശ്വഗന്ധമരിയാറൊടു ദേവതാരം 81
നാലങ്ങു ജീരകമുശീരവുമഞ്ചു കുഷ്ഠം
മാലേയവും ത്രയമുടൻ ത്രിഫലാ ച യഷ്ടീ
മഞ്ജിഷ്ഠചൂർണ്ണമപി നല്ലൊരു നാഗപുഷ്പം
നിംബസ്യ തോലുമിലമങ്ങവുമെന്നിതെല്ലാം 82
കല്ക്കീകരിച്ചുടനെ കാച്ചിയതങ്ങു തേപ്പൂ
കല്ക്കന്നെടുത്തൊരു കുഴമ്പുമതങ്ങു തേപ്പൂ
ഓർക്കിൽ ചുവപ്പൊടു ചിരങ്ങുകൾ പോമിതിന്നു
പാർക്കേണ്ട കാലമപി കിഞ്ചന ബാലകാനാം 83

**ഗർഭിണീജ്വരത്തിന് തൈലം**

മുസ്താമൃതാമലയജാന്ന്യഥ ചുണ്ടവേരും
കല്ക്കം കഷായമതിനേഴിലയുള്ള പാലാ
പക്ഷം വിശുദ്ധതിലജം ചരതിച്ചു തേച്ചാൽ
ഗർഭിണ്യതിജ്വരമൊഴിഞ്ഞിടുമേഴുനാളിൽ 84

**ദശപുഷ്പതൈലം**

ദശപുഷ്പം മുരുക്കുംതോൽ പത്രം നാല്പാമരത്തൊലി
രൂപോടുമലവൈരീ നൽ ചെമ്പരത്തിയുടെ ഇല 85
പിച്ചകത്തിലയും തൃത്താ തെച്ചിവേർ കൊടിഞ്ഞാലിയും
കരിക്കു പൊന്നങ്ങാണീ ച കൊഴുപ്പയമരീദളം 86
പയ്യാനി പേഴ പാവിട്ട പുല്ലാനീ നല്ലകോരിയും
മരുതിന്നിലയും ചുണ്ടവേരും മുളകു താന്നിയും 87
കൂർക്കിലണ്ണക്കരത്തോലും നക്തമാലമതിൻ തൊലി
പുളിതന്നില പൈമഞ്ഞൾ കറളകത്തില മഞ്ഞളും 88
അടക്കാമണിയൻ നന്നായിടിച്ചിട്ടു പിഴിഞ്ഞതിൽ
പാതി മുന്നേ പതിമുകം പാടീരം രണ്ടമുക്കുരം 89
യഷ്ടിമഞ്ചട്ടി നാഗപ്പൂ കൊട്ടം ത്രിഫല തിപ്പലി
പടിക്കാരം കോലരക്കും പൊടിചെയ്തിട്ടു വെന്തുടൻ 90
കല്ക്കം ചെമ്മേ മൊരിഞ്ഞീടുമപ്പോൾ വാങ്ങിയരിച്ചുടൻ
തൈലം തേച്ചീടിലാ കല്ക്കം കുഴമ്പാക്കി തുളിക്കിലാം 91
മങ്ങും ചുങ്ങും ചിരങ്ങും കേൾ കുഷ്ഠം ചൊറി പറങ്കികൾ
മറ്റും വ്രണങ്ങളെല്ലാം പോം മുറ്റുമൊന്നില്ലിതിൽ പരം 92

**പിണ്ഡതൈലം**

സമധൂച്ഛിഷ്ഠമഞ്ജിഷ്ഠം സസർജ്ജരസശാരിബം
പിണ്ഡതൈലം തദഭ്യംഗാദ്വാതരക്തരുജാപഹം 93

**ക്ഷീരബലാതൈലം**

ബലാമൂലാൽ പഞ്ചപലം ക്ഷീരപിഷ്ടഞ്ച യോജയേൽ
ക്ഷീരേ ചതുർഗ്ഗുണേ തൈലപ്രസ്ഥം മൃദ്വഗ്നിനാ പചേൽ 94
പാനേ വസ്തൗ തദഭ്യംഗേ നസ്യകർമ്മണി ശസ്യതേ
ഏതൽ ക്ഷീരബലാതൈലം വാതരോഗവിനാശനം 95

**നീലീതുളസ്യാദിതൈലം**

നീലീമൂലം തുളസിയിലയും പാണൽവേർ പത്തുപുഷ്പം
വേപ്പുംതോലും ചെറുപയറുമാച്ചന്ദനം ദേവതാരം
ഒക്കക്കൂട്ടി തിലജമതു വെന്തുണ്ണിമാർ തേക്കിലന്നാ-
ളൊക്കത്തീരും പിണികൾ സുഖവും മേല്ക്കുമേൽ വന്നുകൂടും 96

**ചന്ദനാദിതൈലം**

ചന്ദനം മധുകം കുഷ്ഠം ദീപ്യകം ജീരകദ്വയം
കല്ക്കീകൃത്യ ജപാവില്വനീലീതുളസിപർപ്പടം 97
കൂർക്കിലാ നാഗലതയും കുന്നമുക്കിയുമെന്നിവ
ഇടിച്ചുപിഴിവൂ പിന്നെ തേങ്ങാപ്പാലുമതൊപ്പമായ് 98
എണ്ണകാച്ചീട്ടു തേപ്പിക്കിൽ കരപ്പൻ നശ്യതി ധ്രുവം

**അശ്വത്ഥാദിതൈലം**

അശ്വത്ഥമേഴിലമ്പാല പുല്ലാനീ സഹദേവിയും 99
കൃഷ്ണനിർഗ്ഗുണ്ഡി ദൂർവാഗ്രം പിച്ചകം കടലാടിയും
ചുരക്കഴുത്തു തുളസീ വിഷ്ണുക്രാന്തി സപർപ്പടം 100
പന്തിരണ്ടിവ പത്രങ്ങൾ പച്ചമഞ്ഞൾ പിഴിഞ്ഞതും
അരിയാറെഷ്ടിമധുരം ജീരകദ്വയചന്ദനം 101
ദാരുദാർവ്യബ്ദകുഷ്ഠാഖ്യം കേരീക്ഷീരവുമെണ്ണയും
കാച്ചി തേച്ചാൽ ശമിച്ചീടും പനിയെല്ലാമയത്നമായ് 102
തമിഴാമ സമൂലം താനിതിൽ കൂട്ടീട്ടു വേകിലൊ
വീക്കമൊക്കെ ശമിച്ചീടും പനിപോം നിർണ്ണയം നൃണാം 103

**ദൂർവാമൃതാദിതൈലം**

കറുകയമൃതുവെള്ളം തന്നിലങ്ങെണ്ണ കൂട്ടീ-
ട്ടതിമധുരമുശീരം ചന്ദനം നല്ലതോയം
പരിചിനൊടിവ കൽക്കം കൂട്ടി വെന്തെണ്ണ തേച്ചാൽ

വിരവിനൊടു കരപ്പൻ പോയിടും ബാലകാനാം 104

മാതാവിന്നുദരേനിന്നു കാണാം ബാലന്നു ദുർവ്രണം
മലദ്വാരേ വിശേഷിച്ചും സന്ധികയെല്ലാറ്റിനും പുനഃ 105
ഇതിന്നു സാരമായുള്ള ഭേഷജം പറയുന്നിത്

**പനയഞ്ചുതൈലം**

പനയഞ്ചിനുടെ വേരും ഗോമൂത്രത്തിലിടിച്ചുടൻ 106
പിഴിഞ്ഞു ചതുരാംശത്തിലൊരംശം കേരതൈലവും
ഗവാം മൂത്രേണ വ്യോഷഞ്ച പചിച്ചിട്ടതു കല്ക്കവും 107
ഇത്തൈലം സർവ്വബാലാനാം കൊടുക്കിൽ ഗുണമാം തുലോം

**വേലിപ്പരുത്ത്യാദിതൈലം**

വേലിപ്പരത്തിലാനീരും ആവണക്കെണ്ണയും സമം 108
കല്ക്കം മുരിങ്ങതൻ തോലും ഉള്ളിദീപ്യകഡാഡിമം
ഉഗ്രായുക്തമതായ്ക്കാച്ചി പാകമോടെയരിച്ചുടൻ 109
ബാലന്മാർക്കുപയോഗിച്ചാൽ രോഗമെല്ലാമൊഴിഞ്ഞുപോം
കരപ്പൻ വേരറും നൂനം കൊലപ്പാമ്പുമൊഴിഞ്ഞുപോം 110
പനിമാറും വിശേഷിച്ചു രുചിയുണ്ടാം മെലിച്ചിൽ പോം
പന്തിരണ്ടുദിനത്തോളം സേവിക്കാം ബലമൊത്തത് 111
പത്ഥ്യമായിട്ടിരിക്കേണം നല്ലരിക്കയുമങ്ങിനെ
കഴിഞ്ഞാൽ ഭേദമാം രോഗം ചെയ്തുകൊൾക ഭിഷഗ്വരൻ 112

**മുസ്തൈലാദിഘൃതം**

മുസ്തൈലാഗ്നിവിളംഗയഷ്ടിരജനീമഞ്ജിഷ്ഠവരാവചാ
ശൗണ്ഡീരോഹണികൾ ഫലത്രയവൃഷാവൃദ്ധീകദാർവ്യായുതൈഃ
ഗവ്യേഷു പ്രതിസാധിതം ഘൃതമിദം സ്ത്രീണാഞ്ച കാന്തിപ്രദം
പുത്രായുഷ്യകരം മഹാഗ്രഹഹരം പ്രേതാമയഘ്നം പരം 113

**നിർഗുണ്ഡ്യാദി ഗുളിക**

നിർഗുണ്ഡികാ മുളകു താന്നി പെരുങ്കുരുമ്പ-
ചൊൽക്കൊണ്ടെഴും ജനനിവൈരി കറുത്തതുമ്പ
പാഠാവയമ്പു വിലസും കൊടുവേലി വേലി
പാടീരവും ത്രികടു കായമകോരിവേരും 114
ചൊല്ലാമവിൽപൊരിഫലത്രയമശ്വഗന്ധം
വെള്ളുള്ളി പാണൽ കടുരോഹണി പൂതിഗന്ധി
യഷ്ട്യാഹ്വയം കൊടിയതുവ്വ വെളുത്തടമ്പും
കൊട്ടം നിശാതിവിടയം ഖലു ദേവതാരം 115
നൽജീരകദ്വയമശാളിയുമൊത്തു ചൊല്ലാം
മഞ്ജിഷ്ഠചൂർണ്ണവുമരത്തയുമെന്നിതെല്ലാം 116
നിർഗുണ്ഡീസ്വരസേന പിഷ്ടഗുളികാ
കുന്നിപ്രമാണം സ്മൃതാ
രോഗങ്ങൾ കൈവിഷമപസ്മൃതികുക്ഷിരോഗം
ബാധിച്ചഭൂതയക്ഷപിശായയോഗഃ
ക്രോധിച്ചു വിസ്മൃതിയുമാശു ശമിക്കുമെന്നാൽ 117

*(ഗുളിക കൂടാതെ ഘൃതകല്പനയും പതിവുണ്ട്)*

## ഘൃതയോഗങ്ങൾ

**ചാർങ്ഗേര്യാദി ഘൃതം**

പുളിയാറൽ പറച്ചുണ്ട ചെറുതാം കടലാടിയും
തുമ്പക്കൊടഞ്ച താർതാവൽ പച്ചനെല്ലിക്ക കൊട്ടതൻ 118
കുനുന്നെന്നിവയൊപ്പിച്ചു പിഴിഞ്ഞുള്ള രസത്തില്
നൈ വെന്തു കൂട്ടൂ കല്ക്കങ്ങൾ കാട്ടുതിപ്പലി തിപ്പലി 119

പാടക്കിഴങ്ങും തെച്ചിപ്പൂ കൊടുവേലീ ഫലത്രയം
കാട്ടുചേനയുമൊപ്പിച്ചു ചതച്ചിട്ടു പചിച്ചത് 120
നൈ കൂട്ട്യുണ്ടാൽ ശമിച്ചീടും ബാലന്മാർക്കതിസാരവും

**ചാർങ്ങ്ഗേര്യാദിഘൃതം**

ചാർങ്ങ്ഗേരീസ്വരസേ പാച്യം ഘൃതം തക്രസമന്വിതം 121
അഷ്ടചൂർണമതാം കല്ക്കം കുക്ഷിരോഗഹരം പരം 122

**മുക്കാദിഘൃതം**

മുക്കായും മലയോത്ഭവദ്വയമുടൻ ദ്വേ ജീരകേ യഷ്ടിയും
വിശ്വം ചാരണവേരുമിട്ടു തെളകൊണ്ടുള്ളോരു നെയ്യാദരാൽ
നൽകീടുന്നൊരു ബാലകന്നു പിണി തീർന്നോടിക്കളിച്ചീടുമ-
ങ്ങേറ്റം ചോരതെളിഞ്ഞു കോഷ്ഠമതിലുണ്ടാമാമയം പോയ്കെടും 123

**വേലിപ്പരുത്ത്യാദിഘൃതം**

വേലിപ്പരത്തിയിലയും മലവൈരി പിഴിഞ്ഞതും
മാലേയജീരകം കല്ക്കം നൈ കരപ്പനു നല്ലത് 124
ആപാദമസ്തകം തേക്കാം സേവിപ്പിക്കാം കരപ്പന്

**ഫലത്രയാദിഘൃതം/തൈലം**

ഫലത്രയം യഷ്ടി വചാ മരിചം ഹരിജന്ദനം 125
അജമോജാ ജീരകേ ദ്വേ നിശാനാഗരധാന്യകേ
നന്നാറി തെച്ചിവേരേകനായകം കൊടിഞ്ഞാലിയും 126
കരിക്കു നായ്ക്കുരണവേർ കൂർക്കിൽ തൃത്താമരീദളം
പൊന്നങ്ങാണി ഇതെല്ലാം നൈ വെളിച്ചെണ്ണയുമെണ്ണയും 127
കാച്ചിക്കൊടുപ്പൂ തലയിൽ തേപ്പൂ ചോപ്പു ശമിച്ചിടും 128

**ജാതീപത്രാദിഘൃതം**

പിച്ചകത്തില കരിക്കുകൂർക്കില
കുന്നമുക്കി ചെറുകയ്പ തൃച്ചട
തൃത്തുവാ കറുക ഞാറപല്ലവം
ചീരചെമ്പനൊടു തെച്ചിപുഷ്പവും 129
നീലി നല്ല ചെറുകൊട്ടയും കുരു-
ന്നെന്നിതൊക്കെയൊരുമിച്ചിടിച്ചുടൻ
നീരിലങ്ങു ചതുരംശമാജ്യവും
കൂട്ടിവെന്തഘൃതമങ്ങു പായയേൽ 130
ചെമ്പരപ്പൊടു കരപ്പുജാതിയും
വാർപ്പുമങ്ങുമൊഴിയും ദിനത്രയാൽ
ബാലരോഗശമനത്തിനിത്ര ന-
ന്നല്ല മറ്റൊരുചികിത്സയും ദൃഢം 131
കൊട്ടമെഷ്ടിമധുരം ഫലത്രയം
ദേവദാരുവചയെന്നിതൊക്കയും
കല്കമാമിതിനു മഞ്ഞളും പുനഃ
കാച്ചിയുള്ളൊരു ഘൃതത്തിനും ഗുണം 132

## മെലിച്ചിലിന്ന്

**നിലപ്പനഘൃതം**

നൈകാച്ചേണ്ടവ ചൊല്ലീടാം ചുരുക്കിസ്സാരമായത്
കൂട്ടിയുണ്ടാലൊഴിഞ്ഞീടും വാട്ടവും മെലിയുന്നതും 133
നിലപ്പനക്കഷായത്തിൽ കാച്ചേണം നൈ പയോയുതം
കല്ക്കം കദളീപക്വദ്രാക്ഷാപക്വമമുക്കുരം 134
നാഴിനെയ്യിന്നിതോരോരൊ കർഷമാക്കീട്ടു കൂട്ടുക
മന്ദപാകത്തിലൊട്ടേറ്റം കടക്കുമ്പോളരിച്ചിടാം 135

**ധാത്രീഘൃതം**

ഇനിയുണ്ടൊന്നിതിൽസാരം പച്ചനെല്ലിക്ക നീരതിൽ
കാച്ചേണം നെയ്യു പാലൊപ്പം കല്ക്കം കൂട്ടേണമാദരാൽ 136

എരട്ടിമധുരം കൊട്ടം ചന്ദനം തമിഴാമവേർ
പാറവള്ളിയുടെ കന്ദം പർപ്പടം നറുനീണ്ടിയും 137
മോദകപ്പതിയൻ കന്ദം കാട്ടുതിപ്പലി പാടയും
രാമച്ചം പച്ചയാം മഞ്ഞൾ ഇഞ്ചിയും ഭൂമിതാലവും 138
അരച്ചിട്ടു പചിച്ചാ നൈ മണ്ഡലം കൂട്ടിയുണ്കിലോ
തടിച്ചീടും ക്ഷയം പോകും ബലം വർദ്ധിക്കുമേറ്റവും 139

**ചാർങ്ഗേരീഘൃതം**

പുളിയാറൽ പറച്ചുണ്ട ചെറുതാം കടലാടിയും
തുമ്പക്കൊടഞ്ചു താർതാവൽ പച്ചനെല്ലിക്ക കൊട്ടതൻ 140
കുനുന്നെന്നിവയൊപ്പിച്ചു പിഴിഞ്ഞുള്ള രസത്തില്
നൈ വെന്തതു കൂട്ടുവാൻ കല്ക്കം കാട്ടുതിപ്പലി തിപ്പലി 141
പാടക്കിഴങ്ങു തെച്ചിപ്പൂ കൊടുവേലി ഫലത്രയം
കാട്ടു ചേനയുമൊപ്പിച്ചു ചതച്ചിട്ടു പചിച്ചത് 142
നൈ കൂട്യുണ്ടാൽ ശമിച്ചീടും ബാലന്മാർക്കതിസാരവും 143

**ബുദ്ധിക്ക് നെയ്യ്**

ലൂതഘ്നവില്ലൈരപി മാലകെട്ടീ-
ട്ടമ്പോടു ചാർത്തു ശിവമൗലിയിങ്കൽ
പിറ്റേദ്ദിനം വാങ്ങിയിടിച്ചു മാലാ-
നീരോടു കേരാജ്യമളന്നുകൂട്ടി 144
കാരസ്കരവ്രതതീമൂലമരച്ചുകൂട്ടൂ
നാനാഴി നൈക്കു പലമർദ്ധമതിന്നു കല്ക്കം
കാച്ചിജ്ജപിച്ചു ശിവനാമമതും കുടിച്ചാൽ
സ്തംഭിച്ച ബുദ്ധിയുണരും മതിവർദ്ധനഞ്ച 145

കാലാകാലങ്ങളും പിന്നെ ബലാബലവുമോർക്കണം
ദേഹപ്രകൃതിയും കണ്ടേ ചെയ്യാവൂ ഭേഷജാദികൾ 146

**മുലപ്പാലിന്റെ വിശേഷം**

ജന്മാലർഭകനന്നുതൊട്ടനുദിനം മാതാവു തന്റെ മുല-
പ്പാൽ ചെന്നീടുകവേണമൊന്നരവയസ്സമ്പോടിരട്ടിച്ച നാൾ
നന്നാവാനിതിലേറെ വേണ്ട ഗുണമായുണ്ടോന്നു തോന്നുന്നു മേ
നന്നാകാ പലരക്ഷ ചെയ്കിലുമഹോ വന്നീടുമോരോ ഗദം 147

ആണിപ്പിള്ളകളായ് ജനിച്ചു ജനി പാലില്ലാതെയായിച്ചമ-
ഞ്ഞോരോരോ ഗദമാകിലും പുനരവൾക്കുണ്ടായുടൻ ഗർഭവും
വന്നാലെന്തുവരേണ്ടതെന്നു പറവാനൊല്ലാ നമുക്കേതുമേ
ധാതാവിൻ കൃപയുണ്ടതെന്നുവരികിൽ ജീവിക്കുമേ ബാലകൻ 148

പാലും ചെല്ലാതെയാകുമ്പോൾ ദാഹമേറിവരും ദൃഢം
തോയമേറ്റം കുടിച്ചീടും കായമേറ്റം വിളർത്തിടും
പച്ചവെള്ളമകത്തായാൽ കുക്ഷി വന്നഥ വീർത്തുപോം
ഭക്ഷണം പുനരില്ലാതാം തൽക്ഷണം സരണം വരും 149

വരിഷമതു കഴിഞ്ഞിട്ടാശു ശീതം തുടങ്ങീ-
ട്ടതു ബത കഴിയുമ്പോളുഗ്രമാം വേനലുണ്ടാം
അതു പൊഴുതിലതാകും രോഗമാബാലവൃദ്ധം
വരുമൊരുകഴിവില്ലാതെന്നിവണ്ണം വിശേഷാൽ 150

**വില്വാദിപാൽക്കഷായം, മുസ്താദിപാൽക്കഷായം**

വില്വാദിയിട്ടുടൻ പാലു നന്നായ്ക്കാച്ചിക്കുറുക്കിയാൽ
അത്താഴൂണു കഴിഞ്ഞിട്ടു സേവിച്ചീടുകിലുമുത്തമം 151
ദാഹമേറ്റവുമുണ്ടാകിൽ മുത്തങ്ങാമൂലമിട്ടുടൻ

പാലു നന്നായ് കുറുക്കീട്ടു സേവിപ്പിക്കിലിളച്ചുപോം
അരിശസ്സുളവായീടിൽ ആട്ടിൻപാൽ പാതി കൂട്ടുക
ജാതിക്കാ കരയാമ്പൂവു പൊടിച്ചിട്ടതു പായയേൽ 152

*(വിലാദി–*
*വിലധാന്യകബലാമഹൗഷധൈഃ*
*ലാജമുദ്ഗസഹിതൈഃ ശൃതം ജലം*
*ഛർദിമാശു പിബതഃ സശർകരം*
*ഹന്തി വാതകഫപിത്തജാമപി)*

*ഇതി തൃതീയോദ്ധ്യായഃ*

## നാലാമദ്ധ്യായം

ബലിക്രിയകൾ ചെയ്യേണ്ടും പ്രകാരം പറയുന്നു ഞാൻ
ചുരുക്കീട്ടതുരയ്ക്കാകിൽ പെരുപ്പം പാരമാമിത് 1
പെറ്റിട്ടു പുലപോയന്നേ ചെയ്യേണം പലരക്ഷകൾ
ഇന്തുപ്പു പൊടിചെയ്തിട്ടു നെയ്യിൽ ചാലിച്ചു നേരവെ 2
ആപാദമസ്തകം തേയ്ക്കാം ബാലാനാം ജീവരക്ഷണേ
ബലാതൈലമതും പിന്നെ പുരട്ടാം ദേഹമൊക്കയും 3
നാല്പാമരകഷായത്താൽ കുളിചെയ്യിച്ചു തോർത്തുക
പൊക്കിൾക്കു നാൽവിരൽമീതെ നാഭിസൂത്രത്തെ ബന്ധനം 4
ചെയ്തുകൊണ്ടു മുറിച്ചിട്ടു കുഷ്ഠതൈലം തുളിക്കുക

**ധൂപാദിക്രിയകൾ**

സന്ധ്യയ്ക്കുഴികയും നിത്യം ജപിക്കാം പലമന്ത്രവും 5
ധൂപാദികളുമുണ്ടോരോ പാപനാശങ്ങളായവ
നാഴിക്കുരുതി കൂട്ടേണം ചെമ്പുപാത്രത്തിലാദരാൽ 6
ഇരഞ്ഞിതന്നുടേ പത്രേ ചുവപ്പിച്ചരിയിട്ടതിൽ
തിരികത്തിച്ചുവെക്കേണം പൊലിയാതെയുഴിഞ്ഞുടൻ 7
ഓരോന്നു ബാലനെക്കാട്ടി ഉഴിഞ്ഞക്കുരുതീലിടൂ
ഏഴുമായാലുഴിഞ്ഞീടൂ പാത്രത്തോടെയടുത്തതും 8
ഉഴിഞ്ഞുകൊണ്ടുപോം നേരം മുലപ്പാലും കറന്നതിൽ
വെച്ചു വേദുകുഴിക്കറ്റം തൂകീടുക ദിനേ ദിനേ 9
ഇത്ഥം മുട്ടാതെ മൂവാണ്ടു ചെയ്തീടുന്നാകിലുത്തമം
സംവത്സരമതെന്നാലും മദ്ധ്യമം മടിയേറുകിൽ 10
അധമം ചെയ്തുകൊള്ളായ്കിൽ ബാധിക്കുന്നിതു ദേവതാ
പിന്നെപ്പലതുവേണ്ടീല ബലികർമ്മങ്ങൾ നീങ്ങുവാൻ 11
ഇനിയുണ്ടൊന്നുഴിഞ്ഞീടാൻ തിങ്ങളിൽ കൊടിയാഴ്ചനാൾ
ഈഴച്ചേമ്പിലശൂർപ്പത്തിൽ വെച്ചെരിഞ്ഞിലതന്നില് 12
ഓരോ കുരുതി വെക്കേണം വെളുത്തും ചോന്നു കൃഷ്ണമായ്
ഓരോ തിരികളും വെച്ചങ്ങോരോ ഭാഗത്തിലങ്ങിനെ 13
കുരുതിച്ചെരട്ടയിൽ കൂടീട്ടോരോ ഭാഗത്തു വെച്ചുടൻ
ഉഴിഞ്ഞു മുമ്പിലെപ്പോലെ മുലപ്പാലും കറന്നതിൽ 14
വീഴ്ത്തി വേതുകുഴിക്കല്ക്കൊണ്ടാശു വെച്ചേച്ചു പോന്നുടൻ
ഈവണ്ണം രണ്ടുമെത്തീടിൽ വരാ വളരെ ദേവതാ 15
പിന്നെയും പറ്റിയെന്നാകിൽ നീക്കേണം ബലികർമ്മണാ
ശൂലീ ച ഭദ്രകാളീ ച ഘണ്ടാകർണ്ണൻ സുദർശനം 16
അഘോരം നരസിംഹഞ്ച ക്ഷേത്രപാലനുമെന്നിവ
കൊന്നുതന്നെയൊഴിഞ്ഞീടും ബാലദേവതയെങ്കിലും 17

പക്ഷിപീഡയൊഴിച്ചീടാൻ പക്ഷീന്ദ്രനുടെ മന്ത്രമാം
ബാലാമന്ത്രങ്ങളെക്കൊണ്ടങ്ങൊഴിക്കേണമശക്തരെ 18
മന്ത്രം പന്നിമുഖീ കൊണ്ടങ്ങൊഴിക്കാം പലദേവതാഃ
ശരഭങ്കൊണ്ടൊഴിച്ചീടാമപസ്മാരാദിയൊക്കവേ 19
പക്ഷിപീഡയൊഴിച്ചീടാം ശിക്ഷയോടെ ബലിക്രിയാഃ
തൽക്ഷണേന തുടങ്ങേണം പക്ഷിപ്രവരശാസനാൽ 20

**അഷ്ടചൂർണ്ണം**

ത്രികടുകമജമോജം സൈന്ധവം ജീരകേ ദ്വേ
സമധരണധൃതാനാമഷ്ടമോ ഹിംഗുഭാഗഃ
പ്രഥമകബളഭോജ്യസ്സർപിഷാ ചൂർണ്ണകോ/യം
ജനയതി ജഠരാഗ്നം വാതഗുന്മം നിഹന്തി 21

**ഇന്തുപ്പുകാണം ചൂർണ്ണം**

ഇന്തുപ്പു കാണമജമോജമിരണ്ടുകാണം
നാലേവ തിപ്പലി ഹരീതകിയാറുകാണം
വെന്നീരിൽ നന്നു പുളിമോരിലതീവ നന്നു
മന്ദാഗ്നിനാമിതി വദന്തി പുരാണവൈദ്യാഃ 22

**അവിപത്തിചൂർണ്ണം**

വ്യോഷത്രിജാതകാംഭോദകൃമിഘ്നാമലകൈസ്ത്രിവൃത്
സർവ്വൈസ്സമാ സമസിതാ ക്ഷൗദ്രേണ വടകീകൃതാഃ 23
അവിപത്തിരിയം നാമ്നാ പ്രശസ്താഃ പാണ്ഡുരോഗിണാം 24

**തെച്ചിപ്പൂചൂർണ്ണം**

തെച്ചിപ്രസൂനപ്പൊടി മൂന്നു ഭാഗം
ചുക്കും ത്രുടീ ജീരകമേകഭാഗം
കൂട്ടിപ്പൊടിച്ചുള്ളൊരു മോരിലേവം
കുടിക്കിൽ ബാലന്നു കരപ്പനില്ല 25

**മൃണാളാദികുഴമ്പ്**

മൃണാളമുത്തിൾ നന്നാറി കുടകപ്പാലവേർതൊലി
ഞെട്ടാഞ്ഞടുങ്ങയും പേരാൽമൊട്ടിലിന്തുപ്പുതാളിയും 26
നാല്പാമരം കരിമ്പിൻ വേരെള്ളു നീരൂരി സർഷപം
ഇരുവേലി സരാമച്ചം ആവണക്കുരു പൂക്കില 27
ദൂർവ്വാ വരാടഗേഹഞ്ച പാലിലെല്ലാമരച്ചത്
എണ്ണയും നെയ്യുമത്തേനും കൂട്ടിച്ചാലിച്ചു പൂശുക 28
വീക്കമെല്ലാമൊഴിഞ്ഞീടും മൃണാളാദികുഴമ്പിത് 29

**മേൽചോപ്പിന്ന്**

മേൽചോപ്പിന്നിഹ ചെമ്പരത്തിയിലയും പൂവോടരച്ചാദരാൽ
മോരിൽ തന്നെ വെതുമ്പി വെച്ചു തുവരെ പൂശീടിലത്യുത്തമം

**കുരുക്കൾ പൊട്ടുവാൻ**

തേപ്പൂ മെയ്യിലെഴും കരപ്പനുമകോരീചുണ്ടപാവിട്ടവേർ
നീരൂരീപുളിപാണൽ തെച്ചിയിവതൻ വേരോടരച്ചാദരാൽ 30
മോരിൽത്തന്നെ വെതുമ്പിവെച്ചു തുവരെ പൂശീടിൽ നല്ലൊന്നതും
പൊട്ടാതെയതു പോകയില്ലൊരു കരപ്പെന്നാകിലന്നാളിലെ

**നീരിറക്കത്തിന്ന്**

ചൊല്ലാർന്നീടിന കുന്നമുക്കി മുഴുവൻ ചുട്ടും കരിച്ചാദരാൽ
യാമം നാലുടനുപ്പുനീരിലിളകൊണ്ടുള്ളോരു വെണ്ണേടെ നീർ 31
വറ്റിക്കൊണ്ടതിലിട്ടു മൂർദ്ധ്നി തുടരെത്താഴുന്ന തോയം കെടും
പറ്റും ബാലനു നീർവീഴ്ച നിതരാം മാറിസ്സുഖം വന്നിടും 32

**മലമിളകുവാൻ**

ആവണക്കെണ്ണയിന്തുപ്പും വെണ്ണയും നൽക്കടുക്കയും
മലദ്വാരത്തു തേപ്പിച്ചാലിളകും മലമപ്പൊഴെ 33

**ഓക്കാനം, ഛർദ്ദിക്ക്**

പറിച്ചു കൂവളത്തിൻവേർ
അരച്ചുമുലതൻ ദിശി
തേച്ചു വായിൽ കൊടുത്താൽ പോം
കൂച്ചുമോക്കാനവും ശിശോഃ 34

**മൂത്രം പോകാത്തതിന്ന്**

മാസമൊന്നായ ബാലന്നു മൂത്രം വീഴാതെ പോകിലോ
ഏലത്തരി ഇളന്നീരിൽ സേവിപ്പിച്ചാലൊഴിഞ്ഞുപോം 35

**കുരുവിന്നുതേപ്പാൻ**

ഏകനായകവേർ പിഷ്ട്വാ നീരറ്റുള്ളോരു വെണ്ണയിൽ
ചാലിച്ചുതേക്കിലന്നാളിൽ പെരുതാം കുരുവില്ലയാം 36

**വാർപ്പുകൾ**

അകവാർപ്പിന്നകത്തെങ്ങും തിണർത്തു പരിചോടകം (മരിചോപമം)
ചുവന്നു നിഴലിച്ചങ്ങു കാണാം കണ്ണിങ്കലും തഥാ 37
വീക്കമെപ്പുറമേ കാണാം തിണർത്തു പുറവാർപ്പിന്
ചുന്നു നയനം രണ്ടും വലഞ്ഞീടും ശരീരവും 38
രക്തബിന്ദുക്കളെക്കാണാം അംഗേ കുതിരവാർപ്പന്
നയനം മഞ്ഞനിറമാം ഞരമ്പും വർ(പ)ച്ചുളിച്ചിടും 39
കണ്ണുകൾ പച്ചളിച്ചിട്ട് കാണാം കുതിരവാർപ്പിന്
വീക്കവും കൂടിവന്നാകിൽ ആനവാർപ്പെന്നു നിശ്ചയം 40
വീങ്ങും ചുരുങ്ങുമുടനെ നീർവ്വാർപ്പാകിലമുക്കിയാൽ
അമുങ്ങും വിരൽകൊണ്ടെങ്ങും കണ്ണുനീരൊഴുകും സദാ 41
ഉറച്ച വീക്കമുണ്ടാകും അംഗത്തിൽ ചോരവാർപ്പിന്
പനിക്കും തലയും നോവും ചുവക്കും കൺ തുടുക്കയും 42

**ഗ്രഹബാധയുടെ സാമാന്യലക്ഷണവും ചികിത്സയും**

ഇടയിലിടയിലിടെ പേടിയാകും നടുങ്ങും
കരയുമുടനുറങ്ങാ മേനി ദുർഗ്ഗന്ധമുണ്ടാം
നയനമഥ കറുക്കും ദന്തമുച്ചൈഃ കടിക്കും
പുനരിവ പലതുണ്ടാം സർവബാലഗ്രഹാണാം 43
സ്തബ്ധനായ്ദ്ദീനനായ് കേഴും മോഹിക്കും വാ വറണ്ടുപോം
മുഖം കറുക്കുമൂണിങ്കൽ ശ്രദ്ധയില്ലാ മെലിഞ്ഞുപോം 44
ധൂപിക്കാമയമോദകേന സഹിതം കൊട്ടം വയമ്പും കല-
ർന്നേറ്റം ശംഖിനിയും പരുത്തി കടുകും വേപ്പുംകുനുന്നും തഥാ
വേപ്പും ഗുൽഗുലുവും പൊടിച്ചു സമമായ് മാന്തോൽ പശു-
ക്കൊമ്പും വേപ്പില കായവും കടുകുമന്നൈകൂട്ടി എല്ലാറ്റിനും 45

**ശകുനിഗ്രഹലക്ഷണവും ചികിത്സയും**

കമ്പതേ ഹസ്തപാദൗ ന(ച) ആഹാരഞ്ച ന രോചതേ
ഹസിതഞ്ച ദിവാരാത്രം വാമനഞ്ച മുഹുർമ്മുഹുഃ 46
ഏതദ്രൂപന്തു വിജ്ഞേയം ശകുനിഗ്രഹപീഡനേ
സർപ്പവും വേണുചർമ്മഞ്ച നിംബപത്രഞ്ച ശാരിബാ 47
യഷ്ടീഗുൽഗുലുനാ ധൂപഃ ശകുനിഗ്രഹനാശനഃ

**കൃമിലക്ഷണം, ചികിത്സാ**

ജ്വരോ വിവർണ്ണതാ ശൂലം ഹൃദ്രോഗസ്സതതം ഭ്രമഃ 48
രക്തദോഷോ/തിസാരശ്ച സഞ്ജാതം കൃമിലക്ഷണം 49
മത്സ്യാനി മാംസാനി ഘൃതം ഗുളഞ്ച
ദധീനീ ശാകാനി ച പർണ്ണവന്തി
സമാസതോമ്ളാന്മധുരാൻ രസാംശ്ച
കൃമീൻ ജിഘാംസുഃ പരിവർജ്ജയേത 50
കരുവള്ളിശിഫാക്വാഥേ കല്ക്കം കൂട്ടിട്ടെലിച്ചെവി
പാലും കൂട്ടിപ്പചിച്ചുള്ള ഘൃതം കൃമിവിനാശനം 51

**കടുകിന്റെ പ്രയോഗം**

കടുകിട്ടു പുകച്ചുള്ള ശീലതന്നിൽ കിടത്തിയാൽ
എല്ലാ രോഗങ്ങളും നീങ്ങും ബാലന്മാർക്കെന്നു നിർണ്ണയം 52
കടുകുവിതറി വസ്ത്രേ ബാലനസ്മിൻ കിടന്നാൽ
പനി കരക നടുക്കം ഭൂതബാധാ ച നൂനം
ഉടനെയതു ശമിക്കും പക്ഷിപീഡാ ച വേറെ-
ക്കടുകു കിഴി തലക്കൽ കെട്ടിവെച്ചാലുമേവം 53

**രുചിക്ക്**

**തുമ്പപ്പൂചൂർണ്ണം**

തുമ്പപ്പൂവൊരുനാഴി കൊൾക മരിചം നൽചീരകം സൈന്ധവം
മുമ്മൂന്നേതു കഴഞ്ചു ധാന്യകവുമായ് കൂട്ടിപ്പൊടിച്ചഞ്ജസാ
വേവിച്ചാറിയ മോരതിൽ പുലരവേ കോരിക്കൊടുത്തീടില-
ബ്ബാലന്നൂണിലുളാം രുചിശ്ച ദഹനം വർദ്ധിക്കുമേറ്റം ദിനേ 54

**ഞെട്ടുംകരപ്പൻ**

ഞെട്ടുംകരപ്പനങ്ങുണ്ടാം കുട്ടികൾക്കൊന്നസഹ്യമായ്
ഞെട്ടിക്കരകയും കണ്ഠേ വീക്കവും നീരിറക്കവും 55
വായിൽപുണ്ണു നിറഞ്ഞീടും വായുമുട്ടുകയും സദാ
പാണിപാദങ്ങൾ നീട്ടീടുമപസ്മാരം പോലെ ലക്ഷണം 56
കണ്ടാലതിന്നു ചെയ്യേണ്ടും പ്രകാരം പറയുന്നിതാ

**ദീപതൈലം**

ദീപതൈലം കൊടുക്കേണം അതിന്നുള്ള മരുന്നുകൾ 57
കരുക്കു കൂർക്കിലാ കൃഷ്ണത്തുളസീ കരുമുരിക്കില
പുല്ലാനി കൃഷ്ണനിർഗുണ്ഡീ പാവിട്ടാ ഞാറപർപ്പടം 58
തെച്ചിപ്പൂ കൊടിഞ്ഞാലീ ച ജടയായമരുന്നതും
ഇടിച്ചു തദ്രസേ കല്ക്കം യഷ്ടിമാലേയജീരകം 59
തിപ്പലീ ചീനമരിചം വചാ ദാർവ്യബ്ദകുഷ്ഠവും
അരിയാറുമജാജീഞ്ച മുക്കാ എന്നിവയൊക്കയും 60
തുല്യമായ്ക്കൂട്ടി നല്ലോരു പാകമാക്കിച്ചമച്ചുടൻ
അരിച്ചേഴെട്ടുനാൾ ബാലൻ സേവിക്കിൽ പിണി തീർന്നിടും 61

**ചന്ദനാദിതളം**

ചന്ദനം മധുകം കൊട്ടം രോഹണീയിരുവേലിയും
രാമച്ചമതിലും രാസ്നാ ചെന്നിനായകവും തഥാ 62
അമുക്കുമാഞ്ചികച്ചൂരി മഞ്ഞട്ടീ ദേവദാരുവും
തുല്യമാക്കിപ്പൊടിച്ചിട്ടു കുഴമ്പിടുക മൂർദ്ധനി 63
കാശശ്വാസങ്ങളും തീരും നീരും പോമെട്ടുനാളകം 64

**ജാത്യാദി നെയ്യ്**

ജാതീകിംശുകപർപ്പടാഖ്യസുഷവീമായൂരികാ ഭദ്രികാ
നിർഗുണ്ഡീമൃദുകുഞ്ചികാകടുകികാദൂർവാനിശാനാം രസേ
സർപ്പിസ്സിദ്ധമനേന സൂക്ഷ്മവദനാ മർമ്മാശിതാഃ സ്രാവിണോ
ഗംഭീരാസ്സരുജോ വ്രണാസ്സഗതികാഃ ശുദ്ധ്യന്തി രോഹന്തി ച 65

**തെച്ചിപ്രസൂനാദി നെയ്യ്**

തെച്ചിപ്രസൂനം പ്രസ്ഥഞ്ച ചതുപ്രസ്ഥജലേ പചേത്
ത്രയം കർഷഞ്ച തന്മൂലം പിഷ്ടാ കല്ക്കന യോജയേൽ 66
നെയ്യു നാഴിയതും കൂട്ടി ഖരപാകേണരിച്ചുടൻ
മണ്ഡലംകൂട്ടിയുണ്ടീടിൽ ക്ഷയം തീരും തടിച്ചിടും 67
രക്തപ്രസാദം വന്നീടും ബാലാനാഞ്ച വിശേഷതഃ

**ഹിംഗുഹിംഗുളാദിഗുളിക**

ഹിംഗുഹിംഗുളസിന്ധൂത്ഥവചാദൃക്ലശുനം ശിവാ 68
ടങ്കണഞ്ച യവക്ഷാരം സർവാം കുര്യാൽ സമാംശകം
വരാകാഥേന തൽ സർവം ത്രിദിനം സാധു പേഷയേൽ 69

ശിഗ്രുണസ്ത്വഗ്രസേ സേവ്യമുദരാമയനാശനം 70

**വായുഗുളിക**

കസ്തൂരീകിരിയാത്തരത്തപുഴുവും കാന്തേന്ദുജാതീഫലം
ക്ഷാരൗ ച ത്രിഫലാത്രിജാതഹിരവീ ദ്വൗജീരകൗ ദീപ്യകം
അഗ്രഗ്രാഹിശതാഹ്വയഷ്ടികരയാമ്പൂ കാവി തോയം രസം
പാറങ്കീ പശുപാശി ചന്ദനവചാ ചീനോഷണത്ര്യൂഷണം 71
പൊൻകാരാഞ്ജനവജ്രനായകമനയോലാശാളിയും ചാലിയം
ചേർത്തൊപ്പം സലിലേ/ഥവാ പയസി വാ ഭൃംഗസ്യ പിഷ്ടാ കൃതാ
സംശുഷ്കാ നിഴലിൽ സമീരഗുളികാ കുന്നിപ്രമാണം ശൃതേ
പ്രസ്ഥാർദ്ധേം/ഭസി കർഷജീരകയുതേ സേവ്യാനിലാർത്തൗ നൃണാം 72

*(കസ്തൂരി കിരിയാത്ത അരത്ത പച്ചപ്പുഴു അയസ്കാന്തം കർപ്പൂരം ജാതിക്ക ചവല്ക്കാരം ത്രിഫല ഏലം എല വർങ്ങം പച്ചില ഇരുവി ജീരകം കരിഞ്ചീരകം അയമോദകം അക്കിക്കറുക ശതകുപ്പ എരട്ടിമധുരം കരയാമ്പൂ കാവിമണ്ണ് ഇരുവേലി നറുമ്പശ പാറങ്കി പശുപാശി ചന്ദനം വയമ്പ് വാൽമുളക് ത്രികടു പൊങ്കാരം അഞ്ജന ക്കല്ല് മനോല ആശാളി ചാല്യം, വെള്ളത്തിലോ പാലിലോ കഞ്ഞുണ്ണിനീരിലോ സമം എടുത്തരച്ചു കുന്നിസമം ഉരുട്ടി നിഴലിൽ ഉണക്കി ജീരകവെള്ളത്തിൽ കൊടുക്കുക. വായുക്ഷോഭങ്ങൾ നിൽക്കും. വത്സനാഭിയും കൂടി ചേർക്കണം.*

*? പയസി വാ ഭൃംഗസ്യ എന്നന്വയിച്ച് വെള്ളത്തിലോ കഞ്ഞുണ്ണി നീരിലോ എന്ന് വ്യാഖ്യാനിക്കുന്നതായി രിക്കും ഉചിതം. )*

**മർമ്മഗുളിക -ധാത്ര്യാദി**

നെല്ലിക്ക മുത്തങ്ങ ചിറ്റമൃത് ത്രിഫല ആവണക്കിൻവേർ പാൽമുതക്ക് ശതാവരി നിലപ്പന നറു നീണ്ടി വരട്ടുമഞ്ഞൾ ചന്ദനം രക്തചന്ദനം സഹസ്രവേധി ഗരുഡക്കൊടി കന്നാരം കന്മദം പൊന്നാങ്കണ്ണി തേറ്റാമ്പരൽ ഞെരിഞ്ഞൾ തലനീളി കറുക രാമച്ചം കൊഴുപ്പ ഞെട്ടാഞെടുങ്ങ നാല്പാമരമൊട്ട് കടുക്ക ഇവ സമം അരച്ചുരുട്ടി നിഴലിൽ ഉണക്കുക. ഇതു ധാത്ര്യാദിമർമ്മഗുളി ക.

**പത്തൂറൽമർമ്മഗുളിക-വിദാര്യാദി**

വിദാരിജീവന്തിവരീ സമുസ്താ
വാരാഹികുവ്വാ(ദൂർവാ)കുരുവിക്കിഴങ്ങും
നെല്ലിക്കനന്നാറിഗുളൂചിദൂർവ്വാ
പ്രത്യേകമൂറൽ കുഡുബാംശഭാഗം 73
യഷ്ടീചന്ദനവും നല്ല രക്തചന്ദനമെന്നിവ
അരച്ചു ചാണമേൽ മൂന്നും വെവ്വേറെ നാഴികൊള്ളുക 74
സഹസ്രവേധി കന്നാരം കന്മദം പാലുനിർവ്വശി
ഗരുഡപ്പച്ചയും കൂട്ടി പലാർദ്ധങ്ങളിതഞ്ചുമെ 75
ഒക്കെക്കൂടിയരപ്പാനായ് കഷായം വെക്കുമൗഷധം
തലനീളികൊഴുപ്പാവേർ പൊന്നങ്ങാണി ച ദൂർവ്വവേർ 76
നാല്പാമരാണാം മുകുളം തേറ്റാമ്പരൽ ഞെരിഞ്ഞലും
ഇരുവേലി സരാമച്ചം പലമീരണ്ടുകൊള്ളുക 77
ജലം ദ്വാദശമാം പ്രസ്ഥം ചതുർഭാഗാവശേഷിതം
അരച്ചതിലുമാവോളം അരപ്പാൻ പിന്നെയുള്ളത് 78
നാല്പാമരത്വക് പാച്ചോറ്റി ഞാറപുല്ലാനി പേഴുതോൽ
കരിങ്കരയുടെ തോലും നിശാത്വക് പൂർവവത് പലം 79
കല്ലൂർവഞ്ഞിയതിൻ വേരും പലമെട്ടതു കൂട്ടുക
ഷോഡശപ്രസ്ഥം വെള്ളത്തിൽ കഷായം വെച്ചരക്കുക 80
മൂന്നാമത്തെയരപ്പിന്നു മാഷമുൽഗങ്ങളേലവും
കൂട്ടിപ്പചിച്ചുകൂട്ടേണം സർവമർമ്മവികാരജിത് 81
ക്വാഥേ പേഷിച്ചുരുട്ടേണം അക്ഷസ്യ ഫലവൽ പുനഃ
നിഴൽശുഷ്കാ തു ഗുളികാ മർമ്മക്ഷോഭവിനാശനീ 82
വാതശോണിതസംഹാരീ വസ്തിരോഗവിനാശനീ
രക്തപിത്തവികാരേഷു സർവേഷു തു വിശിഷ്യതഃ 83

നെയ്യിൽ മർദ്ദിച്ചുമാം പാനം നാളികേരജലത്തിലും
പാലിലും മുന്തിരിക്കായ കഷായത്തിലുമാമിത് 84
അത്തിവെള്ളത്തിലും കൊള്ളാം കൊത്തച്ചണ്ടീടെ നീറ്റിലും
സ്നേഹദ്രവ്യത്തിലെല്ലാറ്റിൽ പ്രയോഗിക്കാമൊരിക്കലെ 85
ഇത്ഥഞ്ച മർമ്മഗുളികാ പ്രോക്താ സർവ്വേഷു പൂജിതം
ഇതി വിദാര്യാദി മർമ്മഗുളികാ

**ബലാതൈലം**

ബലാശതം ഛിന്നരുഹാപാദം രാസ്നാഷ്ടഭാഗികം 86
ജലാഢകശതേ പക്ത്വാ ശതഭാഗസ്ഥിതേ രസേ
ദധിമസ്ത്വിക്ഷുനിര്യാസശുക്തൈഃ തൈലാഢകം പചേൽ 87
സർവൈസ്സാ/ജപയോ/ർദ്ധാംശം കല്ക്കൈരേഭിഃ പലോന്മിതൈഃ
ശഠീസരളദാർവ്വേലാമഞ്ജിഷ്ഠാഗരുചന്ദനൈഃ 88
പത്മകാതിബലാമുസ്താസൂപ്യപർണ്ണീഹരേണുഭിഃ
യഷ്ട്യാഹ്വസുരസവ്യാഘ്രനഖർഷഭകജീവകൈഃ 89
പലാശരസകസ്തൂരീനളികാജാതികോശികൈഃ
സ്പൃക്കാകുങ്കുമശൈലേയജാതീകടുഫലാദിഭിഃ 90
ത്വക്കുന്ദുരുഷ്കകർപ്പൂരതുബുരുശ്രീനിവാസകൈഃ
ലവങ്കനതതക്കോലകുഷ്ഠമാംസീപ്രിയംഗുഭിഃ 91
സ്ഥൗണേയതഗരദ്ധ്യാമവചാമദനകപ്ളവൈഃ
സനാഗകേസരൈസ്സിദ്ധേ ദദ്യാച്ചാത്രാവതാരിതേ 92
പത്രകല്ക്കം തതഃ പൂതം വിധിനാ തൽപ്രയോജിതം
കാസം ശ്വാസം ജ്വരം മൂർച്ഛാം ഛർദ്ദിം ഗുന്മം ക്ഷതം ക്ഷയം 93
പ്ളീഹശോഫാവപസ്മാരമലക്ഷ്മീഞ്ച പ്രണാശയേൽ
ബലാതൈലമിദം ശ്രേഷ്ഠം വാതവ്യാധിവിനാശനം 94
പാനേ നസ്യേ/ന്വാസനേഭ്യഞ്ജനേ ച
സ്നേഹാഃ കാലേ സമ്യഗേതെ പ്രയുക്താഃ
ദുഷ്ടാൻ വാതാനാശു ശാന്തിം നയേയു-
ർവ്വന്ധ്യാ നാരീ പുത്രഭാജശ്ച കുര്യുഃ 95

**ചാർങ്ഗേര്യാദിഗുളിക**

ചാർങ്ഗേരീധനദാക്ഷ്യജാജിഹിമമേഘാമ്രാസ്ഥിജംബ്വങ്കുരൈ-
ർജ്ജാതീപത്രികമേഘഡാഡിമകണാജാതീവിഷാഹിംഗുളൈഃ
സമ്പിഷ്ടൈർഘനവാരിണാഥ രചിതാ വർത്തിസ്തു കോലോ(മുദ്ഗോ)പമാ
സദ്യസ്സാമനിരാമസാസ്രസകഫഹാ ശൂലാപഹാ നാചിരാൽ 96

**രാമബാണം ഗുളിക**

ആഖുപാഷാണവും നല്ല ചാലിയം രസവും തഥാ
നീർവ്വാളമപി പൊങ്കാരം നന്നാലീതകഴഞ്ചമീ 97
അരിതാരം കഴഞ്ചഞ്ച് മുക്കഴഞ്ചഥ ഗന്ധകം
ഓരോ കഴഞ്ചു ഗൗരീടെ പാഷാണം വത്സനാഭിയും 98
അജാജിക്ക്വാഥസംപിഷ്ടം വടകം സന്നിപാതജിൽ
രാമബാണമിതി ഖ്യാതം സർവ്വവൈദ്യപ്രസമ്മതം 99

**ചുക്കുംതിപ്പല്യാദി ഗുളിക**

ചുക്കും തിപ്പലി ചെന്നിനായകകലങ്കൊമ്പും വചാ ജീരകം
രുദ്രാക്ഷം കിരിയാത്ത ചെഞ്ചലിയവും പാഷാണജീർണ്ണോഷണം
കർപ്പൂരം തുരിശും മനോഹ്വപുഴുകും സ്തന്യേപ്യുഴിഞ്ഞാരസേ
പിഷ്ടാജാജിരസേ ച പിണ്ഡ്യപഹരേൽ ദ്രാക് സന്നിപാതജ്വരം 100

**മുക്കാമുക്കടുകാദി ഗുളിക**

മുക്കാമുക്കടുജീരകദ്വയവചാ കിര്യാത്ത കർപ്പൂരവും
ജാതിയ്ക്കാ പടു ചെന്നിനായകറാമ്പൂവുള്ളി തക്കോലവും
കൊട്ടം ഹിംഗു ലവങ്കചോരമജമോജം കേളഭിന്ന്യാസകേ
നിർഗുണ്ഡീസ്വരസേന പിഷ്ടഗുളികാ സർവജ്വരം നാശയേൽ 101

**ഗുഹ്യവ്രണത്തിന്ന്**

**ന്യഗ്രോധാദിഗണം**

ന്യഗ്രോധപിപ്പലസദാഫലലോദ്ധ്രയുഗ്മ-
ജംബൂദ്വയാർജ്ജുനകപീതനസോമവല്ക്കാഃ
പ്ളക്ഷാമ്രവഞ്ചുളപ്രിയാളപലാശനന്ദീ
കോളീകദംബവിരളാ മധുകം മധൂകം 102
ന്യോഗ്രോധാദിർഗ്ഗണോ വ്രണ്യഃ സംഗ്രാഹീ ഭഗ്നസാധനഃ
മേദഃപിത്താസ്രതൃൾദാഹയോനിദോഷനിബർഹണഃ 103

**തുത്ഥാദി ചൂർണ്ണം**

മയിൽതുത്ഥം കഴഞ്ചൊന്നു ശുദ്ധിചെയ്തുപൊടിച്ചുടൻ
പിന്നെ ചുണ്ടേടെ വെള്ളത്തിലരച്ചിട്ടു പൊടിച്ചുടൻ 104
ചെറുനാരങ്ങവെള്ളത്തിലരച്ചിട്ടു പൊടിക്കുക
കഴഞ്ചു ദ്വാദശം കാത്തങ്ങരച്ചിട്ടു പൊടിച്ചുടൻ 105
താംബൂലസ്യ ജലേ പിഷ്ട്വാ പൊടിച്ചിട്ടങ്ങു വെച്ചുടൻ
ഉഷ്ണവ്രണേഷു തേച്ചീടിൽ വ്രണം ശോഷിച്ചു പോം നൃണാം 106
ചൂർണ്ണന്ത്വിദം ഗുഹ്യമേറ്റം സൂക്ഷിച്ചീടുകയെപ്പൊഴും 107

**മർമ്മഗുളിക-ചെറുത്**

കൂവനൂറ് പലം നാല് കുന്തുരുക്കം പലത്രയം
ചെന്നിനായകമേകാർദ്ധം കറുപ്പർധപലന്തഥാ
കറ്റുവാഴ പിഴിഞ്ഞുള്ള രസേ നന്നായരച്ചുടൻ
കാരസ്കരസമാ മാത്രാ നിഴലിൽ പരിശോഷയേൽ 108

**കറുത്തഗുളിക-ശിരസ്തോദഗുളിക**

കുന്തുരുക്കമൊരെട്ടിന്നു ചെന്നിനായകമാറതാം
മുമ്മൂന്നീതു കഴഞ്ചീത കന്നാരം കണ്ടിവെണ്ണയും 109
സഹസ്രവേധിയൊന്നാക്കി തൂക്കിക്കൂട്ടു മരുന്നുകൾ
കറ്റുവാഴപിഴിഞ്ഞുള്ള രസേ നന്നായരച്ചുടൻ 110
കാരസ്കരസമാ മാത്രാ നിഴലിൽ പരിചോടുടൻ 111

**അരോചകം**

മാങ്ങനാറി തമിഴാമ ഇഞ്ചിയും
മാതളല്ലിയുമരോചകങ്ങളിൽ
ഉപ്പുനീരൊടു പുഴുങ്ങി നേരവെ
ചുക്കുജീരകഗുളാന്വിതം പിബേൽ 112

**മുക്കുടിയോഗം**

മുക്കുടിക്കുള്ള യോഗത്തെപ്പറയുന്നതിഗുഹ്യമായ്
കൊടിത്തൂവയുടെ വേരും കാട്ടുതിപ്പലിമൂലവും 113
അടയ്ക്കാമണിയൻ വേരും പുളിയാരലുമെന്നിവ
കരിവേപ്പിലയും നല്ല ചെറുതാം കടലാടിയും 114
ഡാഡിമം തന്നുടെ തോലും ജീരകദ്വയധാന്യകം
മഞ്ഞളും മുളകും നല്ല തിപ്പലീ വിശ്വസംയുതം 115
തക്രേ വേവിച്ചു പേഷിച്ചു മോരുതന്നിൽ കലക്കിയാൽ
തിളപ്പിച്ചതു വാങ്ങീട്ടു പിന്നെയുണ്ടൊന്നുവേണ്ടത് 116
സൈന്ധവം കൂടെ നന്നായി പൊടിച്ചിട്ടതു പായയേൽ
അതിസാരത്തിനും നന്നു മൂലരോഗത്തിനേറ്റവും 117
അരിശസ്സും ശമിച്ചീടുമതിനില്ലോരു സംശയം 118

കന്നാരം പലമങ്ങു മൂന്നു ശുഭമാം
    കണ്ട്യാഖ്യവെണ്ണാ തഥാ
ചെന്നീനായകമാറു കൂട്ടുക പലം
    വേധീ പലന്ത്വേകമാം
കുന്തുരുഷ്കമതെട്ടു കൂട്ടുക പലം
    സർവ്വന്തു കന്യാരസേ

പിഷ്ട്വാ തൽ കദളീഫലസ്യ ച രസേ
ഭൂയോ വരായാ രസേ 119
കൃത്വാ വർത്മമഥോ ലലാടഫലകേ
സ്തന്യേന തൈലേന വാ
സാജ്യേനാപി ച നാളികേരജജലേ-
നാർദ്രീകരിച്ചാദരാൽ
ദോഷോദ്രേകമറിഞ്ഞു തേക്കിലുടനേ-
പോകും ശിശോർവ്വേദനാ 120

*ഇതി നാലാമദ്ധ്യായം സമാപ്തം*

ഇതി ബാലചികിത്സാ സമാപ്തം

# അനുക്രമണിക

## ഒന്നാമദ്ധ്യായം


രോഗങ്ങളുടെ സാമാന്യവിവരണം 1
പറങ്കിപ്പുണ്ണ് 2
വൈദ്യന്മാർക്കുള്ള ഉപദേശം 2
കുരുക്കളും ലക്ഷണങ്ങളും 2
തന്റെകൂട്ട് 2
ചിലന്നി 3


## രണ്ടാമദ്ധ്യായം


തലച്ചൂട്, തലയിൽക്കുരു 4
തലയിൽ ചിരങ്ങിന് 4
*ഗുളൂചിദൂർവാദിതൈലം* *4*
ചെവിക്കൽ കുരു 4
ചെവിപഴുപ്പ് 4
കണ്ണിലെ ചികിത്സ 4
കൺമഷിക്കുള്ള യോഗം 5
മൂക്കുപഴുപ്പ് 5
വായിൽപ്പുണ്ണ് 5
കുരുക്കൾക്ക് ലേപങ്ങൾ 5
ചിലന്നിക്ക് വറകുഴമ്പിന് 7
*നൊങ്ങണാദിതൈലം* *7*


## മൂന്നാമദ്ധ്യായം


ചുവപ്പിന് 7
പനിക്ക് 8
അതിസാരത്തിന്ന് 8
അരിശസ്സിന്ന് 9
കൃമിക്ക് 9
മൂത്രരോഗത്തിന്ന് 9
രക്തസ്രാവത്തിന്ന് 9
കൃമിക്ക് 9
വയറെരിച്ചിലിന്ന് 9
രുചിക്ക് 10
10

തൈലയോഗങ്ങൾ

കരപ്പന്ന് 10
*പന്തതൈലം* *10*
*ആരണ്യതുളസീപത്രാദിതൈലം* *10*
*നാല്പാമരം തൈലം* *10*
*കറുകതൈലം* *11*
*യഷ്ടിതൈലം* *11*
*നാൽപാമരതൈലം* *11*
*ചെമ്പരത്യാദിതൈലം* *11*
*നാല്പാമരം തൈലം* *11*
ഗർഭിണീജ്വരത്തിന് തൈലം 11
*ദശപുഷ്പതൈലം* *12*
*പിണ്ഡതൈലം* *12*
*ക്ഷീരബലാതൈലം* *12*
*നീലീതുളസ്യാദിതൈലം* *12*
*ചന്ദനാദിതൈലം* *12*
*അശ്വത്ഥാദിതൈലം* *12*
*ദൂർവാമൃതാദിതൈലം* *12*
*പനയഞ്ചുതൈലം* *13*
*വേലിപ്പരുത്ത്യാദിതൈലം* *13*
*മുസ്തൈലാദിഘൃതം* *13*
*നിർഗുണ്ഡ്യാദി ഗുളിക* *13*
*13*

ഘൃതയോഗങ്ങൾ

*13*
*ചാർങ്ഗേര്യാദി ഘൃതം* *13*
*ചാർങ്ഗേര്യാദിഘൃതം* *14*
*മുക്കാദിഘൃതം* *14*
*വേലിപ്പരുത്ത്യാദിഘൃതം* *14*
*ഫലത്രയാദിഘൃതം/തൈലം* *14*
*ജാതീപത്രാദിഘൃതം* *14*
മെലിച്ചിലിന്ന് 14
*നിലപ്പനഘൃതം* *14*
*ധാത്രീഘൃതം* *14*
*ചാർങ്ഗേരീഘൃതം* *15*
ബുദ്ധിക്ക് നെയ്യ് 15
മുലപ്പാലിന്റെ വിശേഷം 15
*വിലാദിപാൽക്കഷായം,*
*മുസ്താദിപാൽക്കഷായം* *15*


## നാലാമദ്ധ്യായം


ധൂപാദിക്രിയകൾ 16
*അഷ്ടചൂർണ്ണം* *17*
*ഇന്തുപ്പുകാണം ചൂർണ്ണം* *17*
*അവിപത്തിചൂർണ്ണം* *17*
*തെച്ചിപ്പൂചൂർണ്ണം* *17*
*മൃണാളാദികുഴമ്പ്* *17*
മേൽചോപ്പിന്ന് 17
കുരുക്കൾ പൊട്ടുവാൻ 17
നീരിറക്കത്തിന്ന് 17
മലമിളകുവാൻ 17
ഓക്കാനം, ഛർദ്ദിക്ക് 18
മൂത്രം പോകാത്തതിന്ന് 18
കുരുവിന്നുതേപ്പാൻ 18
വാർപ്പുകൾ 18
ഗ്രഹബാധയുടെ സാമാന്യലക്ഷണവും ചികിത്സയും 18
ശകുനിഗ്രഹലക്ഷണവും ചികിത്സയും 18
കൃമിലക്ഷണം, ചികിത്സാ 18
*കടുകിന്റെ പ്രയോഗം* *19*
രുചിക്ക് 19

| | |
|---|---|
| *തുമ്പപ്പൂചൂർണ്ണം* | *19* |
| ഞെട്ടുംകരപ്പൻ | 19 |
| *ദീപതൈലം* | *19* |
| *ചന്ദനാദിതളം* | *19* |
| *ജാത്യാദി നെയ്യ്* | *19* |
| *തെച്ചിപ്രസൂനാദി നെയ്യ്* | *19* |
| *ഹിംഗുഹിംഗുളാദിഗുളിക* | *19* |
| *വായുഗുളിക* | *20* |
| *മർമ്മഗുളിക -ധാത്ര്യാദി* | *20* |
| *പത്തൂറൽമർമ്മഗുളിക-വിദാര്യാദി* | *20* |
| *ബലാതൈലം* | *21* |
| *ചാർങ്ഗേര്യാദിഗുളിക* | *21* |
| *രാമബാണം ഗുളിക* | *21* |
| *ചുക്കുംതിപ്പല്യാദി ഗുളിക* | *21* |
| *മുക്കാമുക്കടുകാദി ഗുളിക* | *21* |
| ഗുഹ്യവ്രണത്തിന്ന് | 22 |
| *ന്യഗ്രോധാദിഗണം* | *22* |
| *തുത്ഥാദി ചൂർണ്ണം* | *22* |
| *മർമ്മഗുളിക-ചെറുത്* | *22* |
| *കറുത്തഗുളിക-ശിരസ്തോദഗുളിക* | *22* |
| അരോചകം | 22 |
| *മുക്കുടിയോഗം* | *22* |

VAIDYARATNAM BOOKS